ൻറത്തിന്റെ വിസ്താരം ഏകദേശം ൧൦൦൦ ചതുരക്രോശയോജന അത്രെ മുഴുവനും മലപ്ര
ദേശം ആകകൊണ്ടു കൃഷി കച്ചവടം മുതലായ തൊഴിലുകൾക്കും വിശേഷപട്ടണങ്ങൾക്കും
ദുർല്ലഭം. നിവാസികൾ മിക്കവാറും ഒരു വക കാട്ടാളർ ആകുന്നു- പ്രധാനപട്ടണം അല്മൊ
ര തന്നെ-

ആ ദേശത്തിന്റെ പടിഞ്ഞാറെ അതിരിൽ ഗൎവ്വാൽ നാടു കിടക്കുന്നു- അതി
ൽ പുരാണക്ഷേത്രങ്ങൾ ഉണ്ടാകകൊണ്ടു സംവത്സരം തോറും ഏകദേശം ഒരു ലക്ഷം ഹി
ന്തുലോകങ്ങൾ ഒരൊ ദേശത്തിൽനിന്നു ക്ഷേത്രോപവാസത്തിന്നും തീൎത്ഥസ്നാനത്തി
ന്നും മറ്റും അങ്ങൊട്ടു പൊകമാറുണ്ടു- ആ ക്ഷേത്രങ്ങളിൽ വിശിഷ്ടം ആയതു ഹരിദ്വാ
രം തന്നെ- പ്രധാനപട്ടണം ശ്രീനഗരം-

അതിൽനിന്നു പടിഞ്ഞാറൊട്ടു ശ്രീമൎദ്ദേശം മലകളുടെ നടുവിൽ ഉയൎന്നുള്ള
കൊടെക്കാസമം ആയി കിടക്കുന്നു- നിവാസികൾ ചുരുക്കമെ ഉള്ളു- അതിൽനിന്നു
പടിഞ്ഞാറു ഹിന്ദൂർദേശം ശതദ്രുപുഴവക്കത്തു പരന്നിരിക്കുന്നു- അതിലെ
പ്രധാനപട്ടണം രാമപുരി ഇങ്ക്ലിഷ്പട്ടാളങ്ങൾ പാൎക്കുന്ന സ്ഥലം കൊട്ടഗർ തന്നെ-
ആ ദേശത്തിന്റെ പടിഞ്ഞാറെ അറ്റം ആയിട്ടൊ ഒരൊ ചെറിയ ഇടവകകൾ കാശ്മീ
രരാജ്യത്തോളം പരന്നു കിടക്കുന്നു- ഗവൎണ്ണരാദികളും മറ്റുള്ളൊരൊ ഇങ്ക്ലിഷ്ക്കാരും കൂ
ടക്കൂടെ പാൎത്തു വരുന്ന സിമ്ലാനഗരവും ഇങ്ക്ലിഷ്പട്ടാളസ്ഥലങ്ങൾ ആകുന്ന സിബാതൂ- സുബാ
ഥൂ മുതലായ നഗരങ്ങളും ആ മലപ്രദേശത്തിൽ തന്നെ ആകുന്നു-

F. Müller Editor

പശ്ചിമോദയം

൧൮൪൮ തലശ്ശേരി ഫെബ്രുവരി

കേരളപഴമ

൭൯. സുവാരസ്സ് വാഴ്ചയുടെ ആരംഭം

സുവാരസ് ൧൫൧൫ വൎഷത്തിൻ മുമ്പിൽ പന്തലായിനിയിൽ വെച്ചു സ്ഥാനം കൊണ്ടത ല്ലാതെ [illegible] അമതനായക്കി അപ്രസിദ്ധനത്രെ — അതുകൊണ്ടു പലരിൽനിന്നും നീരസഭാവങ്ങളുണ്ടായതെ താൻ പ്രാപ്തിയുള്ളവൻ എന്നു കാണിക്കെണ്ടി വന്നു — പെരുകൊല്ലത്തൊട്ടു വൈരം സമൎപ്പിച്ചുണ്ടാകും വരുത്തട്ടെ എന്നുവെച്ചു കൊഴിക്കൊട്ടിൽനിന്നു സമൎദ്ദത്തെ അയച്ചു യുദ്ധനിവൃത്തി വരുത്തുകയും ചെയ്തു — അന്നു കൊല്ലത്തെ രാജാവ് ബാലനത്രെ അവന്റെ രക്ഷാസ്ഥിതിയായ ആഴിപണ്ടാരത്തി എന്നു പെരുള്ളവൾ ഒരിക്കൽ തമ്പുരാട്ടിയായിരിക്കും — ആയവൾ അവനവെണ്ടി രാജ്യകാൎയ്യം നൊക്കുമ്പൊൾ പൊൎത്തുഗീസരിൽ മമതഭാവിച്ചു അവൎക്കു ഉപദെശിച്ചു വഴിയിൽ ഞാണ്ടിവരികയും ചെയ്തു — അന്നെത്തെ നിയമപ്രകാരമായിട്ടു ൧൫൧൬ ാം വൎഷത്തിൻമുമ്പിൽ സ്ഥലം ഭൌട്ടുതലായവ പറങ്കികളെ കൊന്നു ബന്ദ്യങ്ങൾ നാനാവിധമാക്കി [illegible] രാജാക്കന്മാർ [illegible] വെക്കൊണ്ടതു അന്നു [illegible] യരാജാക്കൾ താൻ പുനാകയെക്കുട്ടി പകുതിവകകളും യഥാസ്ഥാനമാക്കുകയും ചെയ്തു. [illegible] പൊൎത്തുഗാലിന്നു [illegible] കൊച്ചിയിലെക്കു കൊടുക്കുമാറില്ലാത്ത [illegible] വസ്തുതാഴ്ത്തി രക്ഷിച്ചു കൊണ്ടു — [illegible] മെൽപറഞ്ഞപ്രകാരം [illegible] ചെയ്തു — [illegible] ഉണ്ടാകയാൽ സുവാരസ് [illegible] മരണത്താൽ [illegible] പ്രകാരം [illegible] ദ്രാവിച്ചു [illegible] കൊട്ടയിൽ വരുമല്ലൊ എന്നു [illegible] സ്ഥലം എങ്കിലും [illegible] സുവാരസ് [illegible] വാദത്താൽ [illegible] ദിവസം കഴിച്ചുപടെക്കു കൊപ്പിട്ടു [illegible] കപ്പിത്താന്മാർ [illegible] സന്നിധാനത്തിൽ [illegible]

ങ്ങൾ കല്പിച്ചാലും ഞങ്ങൾ ഇങ്ങിനെ നിസ്സാരകാൎയ്യം ചൊല്ലി പോക ഉണ്ടാകയില്ല സത്യം
എന്നു ഞെളിച്ചു പറഞ്ഞതു കേട്ടപ്പോൾ കറയത്തടങ്ങിയ കോട്ടയുടെ വാതുക്കൽ വെച്ചു താക്കീതി
യെ കണ്ടു സംഭാഷിക്കയും ചെയ്തു — അന്നു വാഴുന്ന രാജാവ് ഒട്ടും സന്തോഷിയാതെ
ഇതു കൊണ്ടത്രെ പട കൂട്ടുവാൻ സംഗതി വരാഞ്ഞതു — പിന്നെ അല്പകാലത്തിന്റെ
മരണം കേട്ടാറെ ഭട്ടക്കളത്തിലെ മാപ്പിള്ളമാർ കലഹിച്ചു പറങ്കികൾ പിഴാരികൾ ഞങ്ങ
സമയം യുദ്ധം ചെയ്തു ഇവർ വെള്ളക്കാരെ കൊല്ലുകയും ചെയ്തു — അതുകൊണ്ടു സ്വാ
രസ്ഥൻ കൂട്ടത്തിൽ ഒരു വിസ്താരം കഴിഞ്ഞപ്പോൾ മാപ്പിള്ളമാർ മുഖ്യന്മാരിൽ ചില
രെ കൊണ്ടുവന്നു കിഴക്കെ കരക്കാരെക്കും ദണ്ഡം വിധിച്ചതും ഇല്ല — അതിനാൽ
കണ്ണൂരടക്കത്തിൽ ചെറുകാൎയ്യങ്ങളിൽ ഭയം എന്നിയെ കടന്നു ഇരിക്കുന്നവരെ ഉണ്ടാ
ക്കുകയും ചെയ്തു —

അനന്തരം ഗോവയിൽ ക്ഷത്രിയാരെ അല്പം കൊണ്ടിരിക്കവെ ഒല്ലാന്ത
ക്കാര ~~ശ~~ ശത്രുവായി തീൎന്നതുകൊണ്ടു ഗോവയിൽ അന്നു നമ്മുടെ കോട്ടകളിൽ
ഉള്ളതു പോരായ്കയാൽ കൊച്ചിയിൽ നിന്നും പട്ടാളക്കാരെ അയച്ചു സ്വദേശവാസികളു
പോരം ചെയ്യാമല്ലോ എന്നു കല്പിച്ചതിനാൽ കൊട്ടാരത്തിൽ പാൎപ്പിച്ചു തുടങ്ങി — നാട്ടുകാര
ത്തികളെ വിവാഹം ചെയ്തു കുടിയിരുന്നവർ അത്രെ കോട്ടയെ വെളുത്ത സേന എന്നു ഒരു
ഭിന്നതയിലും കോട്ടയിലെ പോൎക്കാരെ എല്ലാം ഒരുപോലെ പാൎപ്പിച്ചാൽ ശത്രു
പൊരുതുവാൻ സഹായം കൂടാതെ പോരുന്നതുകൊണ്ടു കോട്ടകളെ രക്ഷിച്ചു കൊള്ളുവാൻ
കഴിയാതെ പോയി എങ്കിലും വീരന്മാരായി കൊള്ളുവാൻ സഭയിൽ നിന്നു അപേക്ഷ
യെ നോക്കുന്നതുകൊണ്ടു ഗോവയിൽ നിന്നും മുഖ്യസ്ഥാനമായി നിശ്ചയിക്കുന്നതല്ലാ
തെ സ്വകാൎയ്യം കാലം കഴിപ്പാൻ കൊച്ചിയിൽ മടങ്ങി പോകയും ചെയ്തു — (...)

അവിടെ നിന്നു പിന്നെ പറങ്കികൾ നായാട്ടു ധാൎമ്മികത്വത്തിൽ പോയപ്പോൾ ശത്രു
ക്കളെ കണ്ടു വെടിവെച്ചു തുടങ്ങിയാറെ പലനായന്മാരും ഒരു കല്ലിലും വന്നിരു
ദേവന്റെ മഠത്തിൽ അത്രെ എന്നു വിരോധിച്ചു — അപ്പോൾ അവർ കൂട്ടാക്കാതെ പരിഹസിച്ചു
വെടിവെച്ചാറെ കലശത്തിൽ ഉണ്ടായതിൽ നാലു വെള്ളക്കാർ കഴിഞ്ഞു എന്നു കേട്ട
നം ചെയ്യുന്നതു കൊച്ചിയിൽ കല്പനയാകയും ചെയ്തു —

ക്രിസ്താബ്ദം ൧൬൦൦ മതിൽ മിസ്ര സുല്ത്താൻ ഖാൻഹസ്സൻ പറങ്കികളെ നീക്കുവാൻ

കാപ്പിരിയെയുമപ്പോൾ അവൻ മൈദ തൊല്പിച്ചപ്രകാരം പറഞ്ഞുവല്ലൊ— അവിടുന്നു
തന്നെയും പല കരെക്കപ്പൽ ഘോഷവുമുടനെ നരെപൊരും അന്നെക്കു മാനവെൽമാരെ
ഒപ്പിച്ചു മലയാളത്തിൽ വന്ന അയച്ചതിൻപ്രകാരം— മിസ്രിലും അറബിയിലും വ
ന്നുയപാദത്തിനു കീഴടങ്ങി ലെക്കത്തിരെ ഒടുണം അതിനു സ്വാരസ്യ
ങ്ങളെയാകുന്നതിൽ അപ്പൊൾ തന്നെ സെനാധിപതിയും രാജ്യമൈക്യമായി
ഒന്നിക്കയും നടത്തെണം എന്ന തന്നെ— അപ്പൊൾ മരിച്ചു ഒരു കഴിഞ്ഞിട്ടു
കല്പനത്തിയാരെ സ്വാരസ്ക പ്ലികളെ ഒന്നിച്ചു പറങ്കികളെയും ഇംഗ്ലീഷു
നായകന്മാരെയും കരെറ്റി കിഴക്കുടനെ ഒരു പടയാലും കാവലാലും വളരെ
നാശം അനുഭവിക്കയും ചെയ്തു— ഇതിലുള്ള മിസ്രിനായസെബാം ശൈവഷം എന്ന
മിസ്രി ഒയമ്പാധിനമാക്കുക കൊള്ളുവാൻ സുല്ത്താൻ കപ്പൽ കൂടൽ വിട്ടു മലയാള
ത്തിൽ വരുവാൻ സംഗതി വന്നില്ല—

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൧൦. ഉത്തരഖണ്ഡം

൨. ഹിമാലയമലപ്രദേശത്തിന്റെ അംശം

ഈ അംശത്തിൽ നെപാള രാജ്യമെ ഉള്ളു— അതിന്റെ അതിരുകൾ കിഴക്കു സിക്കി
മ— തെക്കു ഗംഗയെഴുകുന്ന നാട്ടു— പടിഞ്ഞാറു സരയു നദി— വടക്കു തിബെത്ത രാജ്യം
വിസ്താരം ഏകദെശം ... ചതുരശ്ര യൊജന— നിവാസികളുടെ സംഖ്യ ... ലക്ഷം
പണ്ടു ഈ രാജ്യം പല അംശങ്ങളായി വെവ്വെറെ രാജാക്കന്മാരുടെ അധീനത്തിൽ
ആയി ശെഷം ഏകദെശം ... സ്വരൂപം എല്ലാം പിടിച്ചടക്കി ഒന്നാക്കി ചെയ്തു നി
കാരെ ഇംഗ്ലീഷുകാരൊടു രാജ്യവിസ്താരം വർദ്ധിപ്പിക്കെണ്ടതിന്നു യുദ്ധം കഴിച്ചു
തൊറ്റ ശിനക്കാർക്കപ്പുറം ഇംഗ്ലീഷുകാർ പടിഞ്ഞാറെ അതിരിലെ ചില ദെശങ്ങളെ
ഒയും എടുത്തു കൊണ്ടു വന്നു— നിവാസികൾ ഹിന്ദു ബൌദ്ധന്മാരും ബ്രാ
ഹ്മണമതാനുസാരികളും തന്നെ— ഈ പ്രകാരം രാജ്യത്തിൽ പല ഭാഷകളും പ്രധാനമാ
യി നടക്കുന്നു— രാജ്യത്തിൽ ഇക്കാലത്തും മലപ്രദെശം ആകകൊണ്ടു കൃഷി പണിയുമക്കളെ
നടക്കുന്നുള്ളു— താഴ്വരകളിലും നദിപ്രവാഹദെശങ്ങളിലും നാട്ടുകാർ എല്ലാം പല

ധാന്യങ്ങളും പരുത്തിയും മറ്റും ഉണ്ടാക്കി വരുന്നു — ആടുകൾ അല്ലാതെ നാട്ടുമൃഗങ്ങൾ ഇല്ല കുതിര - പശു ആദികളെ നാട്ടുകാർ അന്യദെശങ്ങളിൽനിന്നു കൊണ്ടുവരുന്നു — മലക ളിൽ തെക്കൻ നിവാസികൾ ചെമ്പു ഇരുമ്പു ഈയം മുതലായ ലോഹങ്ങളെ ഉരുക്കി പണികളിൽ നി ന്നു വള്ളപാത്രങ്ങളെയും ഉണ്ടാക്കുന്നു — മലമുകളിൽ കിടയ ജാതിക്കാരുടെ മെയ്ക്കൊണ്ടും വസിക്കുന്നു — രാജാവിന്റെ വരവു സംവത്സരത്തിൽ ഏകദെശം ൪ ലക്ഷം ഉറുപ്പിക — അവന്റെ ആയുധപാണികളുടെ സംഖ്യ ൧൦൦൦ — പ്രധാനപട്ടണത്തിന്റെ പെർ കാട്മണ്ഡു ൫൦൦൦൦ നിവാസികൾ ശെഷം നഗരങ്ങളിൽ മുഖ്യമായവ ലലിതപട്ടണം ൨൪൦൦൦ നിവാസികൾ — ഭക്തപുരം ൧൨൦൦൦ നിവാസികൾ — രാജ്യത്തിന്റെ കിഴക്കെ അതിരിൽ ഏകദെശം ൪൦ ചതുരശ്രയൊജന വിസ്താരമുള്ള സിക്കിം എന്ന ഒരു ചെറിയനാട്ടു — ൧ ലക്ഷം നിവാസികളൊട്ടും കൂടെ ഹിമാലയത്തിന്റെ ഉന്നതപർവ്വതങ്ങളിൽ കിടക്കുന്നു — അതിലെ പ്രധാനസ്ഥലം സിക്കിം തന്നെ — കട്ടൂര നഗരത്തിൽ ഇങ്ക്ലിഷ്കാർ രാജാവിന്റെ നടപ്പു സൂക്ഷിച്ചുനൊക്കുന്നതിന്നു ഒരു മന്ത്രിയെ പാർപ്പിച്ചിരിക്കുന്നു —

സിക്കിം കിഴക്കെ അംശം

സിക്കിം ദെശത്തിന്റെ കിഴക്കെ അതിർമുതൽ ഏകദെശം ബ്രഹ്മപുത്ര നദിയൊളം ഹിമാലയ മലപ്രദെശങ്ങളുടെ ചെരിഞ്ഞു കിടക്കുന്ന രാജ്യത്തിന്റെ പെർ ഭുട്ടാൻ (ബൊട്ടാൻ) തന്നെ — അതിന്റെ തെക്കെ അതിർ ബ്രഹ്മപുത്ര നദിപ്രവാഹദെശം വടക്കെ തിബെത്ത് രാജ്യം വിസ്താരം ഏകദെശം ൨൨൦൦ ചതുരശ്രയൊജന നിവാസികളുടെ സംഖ്യ ഏകദെശം ൧ ലക്ഷം — അവർ എല്ലാവരും ബൌദ്ധമാർഗ്ഗക്കാരാകുന്നു — ഈ ദെശത്തിന്റെ ആകൃതി മെൽപറഞ്ഞ നെപാളരാജ്യത്തൊടു സമം — കൃഷി - കച്ചവടം മുതലായ തൊഴിലുകളിലും വളരെ ഭെദം കാണുന്നില്ല — നിവാസികൾ എല്ലാവരും രാജ്യകാൎയ്യങ്ങളെ നടത്തുന്ന സ്വാമികളുടെ അടിമകൾ ആകുന്നു — ആ സ്വാമികളിൽ മുമ്പുള്ളവർ ലൌകിക പ്രപഞ്ചകാൎയ്യങ്ങളെ നടത്തുന്ന ദെബ് രാജാവും — ഭൂദെവനായി നടിച്ചു മതവിശെഷങ്ങളെ വിചാരിക്കുന്ന ധർമ്മരാജാവും തന്നെ — ധർമ്മരാജാവിൽ ദെവസാന്നിദ്ധ്യം ആവസിക്കകൊണ്ടു പ്രജകൾ തിരുമുമ്പിൽ ചെന്നു നമസ്ക

ത്പ്പാനക്കൂടസമ്മതമില്ല — അവരിന്റെ പെർ മാത്രം കെട്ടാൽ എല്ലാവരും വിറെക്കും — നഗരം എന്ന പെർ കൊള്ളുന്ന സ്ഥലങ്ങൾ രാജ്യത്തിൽ ഇല്ല — ധൎമ്മരാജാവിന്റെ വിശിഷ്ട വാസസ്ഥലം ആയ തസ്സിസുദനം — വണ്ടിപ്പൂർ — ബിഷ്ഷിനി മുതലായ സ്ഥലങ്ങളും പ്രധാനം —

൨. ബൎമ്മാ അൎദ്ധദ്വീപു

തെക്കെ ആസ്യയിലെ അൎദ്ധദ്വീപുകളിൽ മുഖ്യം ആയത ഭാരതഖണ്ഡം തന്നെ — അതിന്റെ കിഴക്കെ അതിരിൽ ബങ്കാളകടൽ എന്ന സമുദ്രത്തിന്റെ ഒരു അംശം ആയി കിഴക്കെ ബൎമ്മാ അൎദ്ധദ്വീപിന്റെ കരയെ ഉള്ളം വ്യാപിച്ചു അതിന്റെ പടിഞ്ഞാറെ അതിർ ആയി ഇരിക്കുന്നു — അതിന്റെ തെക്കും കിഴക്കുമുള്ള ദെശങ്ങൾ ചീനസമുദ്രത്തിന്റെ അംശങ്ങൾ തന്നെ അതിരുകൾ — അൎദ്ധദ്വീപിന്റെ വടക്കെ അതിരുകൾ ഹിമാലയപൎവ്വതത്തിൽനിന്നു കിഴക്കൊട്ടു പരന്നു കിടക്കുന്ന മലപ്രദെശങ്ങളും മഹാചീനരാജ്യവും ആകുന്നു — അൎദ്ധദ്വീപിന്റെ വിസ്താരം ഏകദെശം ൪൦൦൦൦ ചതുരശ്രയൊജന — അതിലെ രാജ്യങ്ങളിൽ വിശെഷം ആയുള്ളത ബൎമ്മാരാജ്യം — അതുകൊണ്ടു അതിന്റെ പെർ കൂടി അൎദ്ധദ്വീപിന്നും പറഞ്ഞു വരുന്നു —

ബൎമ്മാ അൎദ്ധദ്വീപിലെ മലകൾ മിക്കവാറും വടക്കെ അതിരിൽ നിന്നു തെക്കൊട്ടു നീണ്ടു കിടക്കുന്ന ഹിമാലയ മലപ്രദെശത്തിന്റെ ശാഖകൾ എന്നു തൊന്നുന്നു — ഈ ശാഖകൾ അൎദ്ധദ്വീപിന്റെ വടക്കെ അതിർ ദെശങ്ങളിൽ നിന്നു തെക്കൊട്ടു സമുദ്രത്തൊളം ചെന്നു കിടക്കുന്നു — അവറ്റിൽ പടിഞ്ഞാറുള്ളത ബ്രഹ്മപുത്ര നദിക്കുടെ തെക്കു കിഴക്കെ അതിരിൽ കൂടി പരന്നിരിക്കുന്ന ഗരൊ മലപ്രദെശവും ബങ്കാള ദെശത്തിന്റെ കിഴക്കെ അതിരിൽ ഉയൎന്നു ആരക്കാൻ നാട്ടുടെ തെക്കൊട്ടു നീണ്ടു കിടക്കുന്ന അനപെക്തമിയു മലകളും ആകുന്നു — ഈ മലനാട്ടുകളുടെ കിഴക്കെ അതിരിൽ എരാവതിനദി വടക്കെ മലപ്രദെശത്തിൽ ഉത്ഭവിച്ചു ബൎമ്മാരാ

ഞ്ഞുടെ തെക്കൊട്ടു പ്രവഹിച്ചുകൊണ്ടു ബെങ്കാളസമുദ്രത്തിൽ ചെന്നുകൂടുന്നു— ഐരാവതിനദീതീരത്തിങ്കൽനിന്നു കിഴക്കവശം ശാബൊഗിരിക്കുദെശം ൭൦൦ കാലടിയന്നു വടക്കുനിന്നു തെക്കൊട്ടു വ്യാപിച്ചുകിടക്കുന്നു— അതിന്റെ കിഴക്കെ അതിരിങ്കൽ സല്വവൻ നദി ഐരാവതിക്കു സമം ആയി വടക്കുനിന്നു തെക്കൊട്ടു ഒഴുകികൊണ്ടിരിക്കുന്നു— ഈ നദിപ്രവാഹത്തിന്റെ കിഴക്കെ അതിരിൽ കൂടി ശ്യാം ശാബൊമലകൾ കുദെശം ൩൦൦ കാലടി ഉയരത്തൊടും പൊങ്ങി വടക്കുനിന്നു തെക്കൊട്ടു മലായ അൎദ്ധദ്വീപിന്റെ തെക്കെ അറ്റത്തൊളം നീണ്ടുനില്ക്കുന്നു— അതിന്റെ പെർ സിയാം രാജ്യത്തിന്റെ അതിർപൎവ്വതം എന്നാകുന്നു— അതിൽനിന്നു കിഴക്കൊട്ടു മെനം പുഴ മെൽപറഞ്ഞ നദികളൊടു ഒരൊ പൊലെ [illegible]ടക്കെ മലമുകളിൽനിന്നു ഉത്ഭവിച്ചു തെക്കൊട്ടു സിയാം ഉൾക്കടലിൽ ചെന്നു വരുന്നു— ഈ നദി ഒഴുകുന്ന താണനാട്ടിൽ നിന്നു കിഴക്കൊട്ടു നാലാം ശാബൊഗിരി മെൽപറഞ്ഞതിനൊടു സമം ആയി വടക്കുനിന്നു തെക്കൊട്ടു പരന്ന നാട്ടിൽ നിരന്നുനില്ക്കുന്നു

അതിന്റെ കിഴക്കെ അതിരിൽ കംബൊജനദിയുടെ പ്രവാഹദെശം അന്നാം രാജ്യത്തിൽ തന്നെ വിശാലമായി കിടക്കുന്നു— അവിടെനിന്നു കിഴക്കൊട്ടു അഞ്ചാം ശാബൊഗിരി തെക്കിൻ കടപ്പുറത്തൂടെ വടക്കുനിന്നു തെക്കൊട്ടു നീണ്ടുനില്ക്കുന്നു— ഈ പ്രകാരം ബൎമ്മാ അൎദ്ധദ്വീപിൽ ൫ ശാബൊഗിരികളും ൪ നദിപ്രവാഹങ്ങളൊടുകൂട വടക്കുനിന്നു തെക്കൊട്ടു വ്യാപിച്ചിരിക്കുന്ന പ്രകാരമെ അറിയുന്നതുള്ളു— അതിന്റെ വസ്തുതത്വവും കാലത്തിൽ ഉള്ളവൎക്കു മാത്രം നിശ്ചയം വന്നുകൂടും—

F. Muller Editor

പശ്ചിമോദയം

നം. ൧൩   തലശ്ശേരി   ൧൮൪൭. ജൂൻ

കേരളപഴമ

൭൮. കൊല്ലത്തിൽ പാണ്ടിശാല കെട്ടിയതു —

സുവാരസ്സ് കൊല്ലത്തെ ആട്ടിയ പ്രകാരം പറഞ്ഞിട്ടുണ്ടല്ലോ (൫൭) - അവൻ ചെങ്കടലിൽ ഓട്ടമായ ശേഷം കൊല്ലത്തിൽനിന്നു യാത്രയാക്കപ്പെട്ട അന്തൊൻ ഹൊമ്പ്രർ രൊദ്രിഗസ്സ് എന്നവൻ തന്നെ - ആയവൻ ൧൫൧൯ ഒക്തൊബ്ര ൨൮ നു അവിടെ എത്തിയാറെ റാണി മന്ത്രികൾ മുതലായവൎക്ക കാഴ്ചവെച്ചു ഉടമ്പടിയിന്മേൽ നിശ്ചയം വരുത്തി ബോധിപ്പിച്ചപ്പോൾ തരാം എന്നു പറഞ്ഞിട്ടും താമസം വളരെ ഉണ്ടാക്കി - റാണി അവനെ വെറെ വിളിച്ചു പറഞ്ഞിതു നമ്മുടെ ആശ്രയം വന്നതിനാൽ ഇവിടത്തെ കാൎയ്യങ്ങൾ ഒക്കയും പരന്ത്രീസ്സുകാൎക്ക ആകുന്നതിന്നു നമ്മുടെ ഇഷ്ടം തന്നെ - ഇവിടെ ഉള്ള ആളുകൾ പലരും ഇടയുന്നതും നിങ്ങൾ ഇവിടെ പള്ളിപണിയുന്നതും അതിന്നു ചുറ്റും കോട്ട കെട്ടുന്നതും അവൎക്കു പിടിക്കാഞ്ഞതുകൊണ്ടു ഞാൻ പേടിക്കുന്നു എന്നും മറ്റും പറഞ്ഞതിനാൽ കപ്പിത്താൻ അവളുടെ ഗുണമനസ്സും മന്ത്രിസ്വാധീനതയും അറിഞ്ഞു സമ്മാനിച്ചു കൊണ്ടു പിന്നെയും തെക്കു രാത്രിപോകുവാൻ സ്വയം തരേണ്ടതിന്നു ഭവനം ഇല്ലെങ്കിലും അനുവാദം ഉണ്ടാകണം എന്ന് അപേക്ഷിച്ചതിന്നു ഇതു എന്തിനു ദോഷം എന്നു ഭാവിച്ചു ആക - സുവാരസ്സ് ഇടയുന്നവർ പിന്നെയും കോട്ട കെട്ടുമോ എന്നു ചോദിച്ചതിന്നു നമ്മുടെ സ്ഥലം തെരിഞ്ഞു കൊള്ളണം എന്നും കല്പിച്ചിട്ടുണ്ടാക്കി അന്നു റാണി മറ്റുള്ളവരോടു ആലോചിച്ചു പോൎത്തുഗീസ്സിന്നു ഒരു സ്ഥലം വിധിച്ചു കൊടുത്തു യാത്രയാക്കുകയും ചെയ്തു -

ആ യുദ്ധം കെട്ടുമ്പോൾ ചോനകർ കൊച്ചിക്കു ഉള്ള പാണ്ടിശാല കൊല്ലത്തൊ കെട്ട ഭാഷ വിചാരിച്ചതല്ലയൊ എന്നു പറഞ്ഞിട്ടു റാണിയോടു ബോധിപ്പിച്ചതല്ലാതെ തെക്കുംകൂർ രാജാവിനോടും തങ്ങളുടെ ആവലാതി ബോധിപ്പിച്ചു പറകിനിൽ ശ്രവണം ഇല്ലാതാകയാൽ

പ്രയത്നം കഴിച്ചു പൊന്നു- എങ്കിലും കപ്പിത്താനും ശ്രമിച്ചു കൊണ്ടു മന്ത്രികളെ വശത്താ
ക്കിക്കാരെ കൂട്ടക്കെനല്ല വെള്ളത്തൊട്ടുള്ള ഒരു സ്ഥലം സമ്പാദിച്ചു ഉടനെ പാണ്ടിശാല
യെ കെട്ടുപ്പിച്ചു ഉയമെച്ചു കയ്യും ചെയ്തു- മഴക്കാലം വന്നപ്പൊൾ മാപ്പിള്ളമാർ ഒരൊ
രൊ വർത്തമാനങ്ങളെ പരത്തി പുരുഷാരത്തെ കലഹിപ്പിച്ചു നടന്നു- ശ്രമികളോട്ടൊ
റൂസുവാരസ്സ് കഴിഞ്ഞു പൊയെന്നും അദിൽഖാൻ കൃഷ്ണരായരുമായിരിരുന്ന ഗോവ
യെ പിടിപ്പാൻ പുറപ്പെട്ടു എന്നും പലെടത്തും പറങ്കികൾ പട്ടു നശിച്ചു എന്നും കെട്ടാറെ
കപ്പിത്താൻ വിശ്വസിക്കാത്തവൻ എങ്കിലും പറങ്കികൾ ആരും പുറത്തു പൊകാതെ
കലശമിന്നു ഒട്ടും ഇടം കൊടുക്കരുത് എന്നു കല്പിച്ചു അകത്തു നിന്ന് ഉറപ്പുവരുത്തി രാ
ജാവ് പടക്കിറങ്ങിനിന്ന മടങ്ങി വരുന്നതിനെ കാത്തു കൊണ്ടു അധികാരികളെ അനുകൂ
ലമാക്കി വശീകരിച്ചു ശെഷം സുവാരസ്സ് ഹൊർമ്മുസ്സിൽ നിന്ന് തിരികെ വന്നു എന്നും ഗോവ
യൊട്ടു മുസല്മാനർ പാടെ അടങ്ങി പ്രതിസ്ഥലം എന്നും അറിഞ്ഞു സന്തോഷിച്ചു ബുദ്ധി
ശെഷത്താൽ ജനങ്ങൾ നിരന്നുണ്ടാക്കുകയും ചെയ്തു- രാജാവും പറങ്കികളിൽ പ്ര
സാദിച്ചു ശത്രുക്കൾ ഏതു പറഞ്ഞാലും ഞാൻ നിങ്ങളെ അറിഞ്ഞിരിക്കുന്നത് മതിയാ
കുന്നു- കൊഴിക്കൊട്ടെ തൈഷ്ടപ്പും കൊഴിക്കൊട്ടിന്റെ തൂക്കവും രണ്ടും ലൊകപ്രസി
ദ്ധമല്ലൊ അതു പോലെ- നിങ്ങളുടെ സ്നേഹമെന്നും തന്നെ വെണ്ടതു എന്നു കൂടക്കൂട
പറകയും ചെയ്തു-

ലൊപൊസുവാരസ്സ് വാഴ്ചകളിൽ നടന്നത്

മാനുവെൽ സങ്കടങ്ങളെ അല്പുകെർക്കിന്റെ പ്രകാരം മുമ്പിൽ പറഞ്ഞുവല്ലൊ-
(൧൫൧൫) - അവന്റെ മരണത്തിൽ പിന്നെ ഒരൊ പറങ്കി കപ്പിത്താന്മാർ ബൊധി
ച്ചപൊലെ അതിക്രമങ്ങളെ ചെയ്കയാൽ ബെക്കാളരാജാവും മാപ്പിള തമ്പുരാനും
പറങ്കികളെ ഞെരുക്കിത്തുടങ്ങി വന്നു- അതു കൊണ്ടു ദ്വീപുകളൊട്ടു കച്ചവടം അററു
ട്ടിയപ്പൊൾ സുവാരസ് വിചാരിച്ചു സില്വെര കപ്പിത്താനെ നിയൊഗിച്ചു- ആയ
വൻ കപ്പല്മാർ ഒടിച്ചു (൧൫൧൯) പെബ്രു മാസത്തിൽ എത്തിയാറെ രാജാവ് കടപ്പുറ
ത്തു എതിരെ വന്നു വളരെ മാനിച്ചു ദ്വീപുകളെ എല്ലാം പറങ്കികളിൽ ഭരമെല്പിച്ചു
ഞങ്ങൾ മാനുവെലിന്റെ നിഴലാശ്രയിച്ചു തന്നെ വാഴുകയുള്ളു എന്നു ചൊല്ലി സഖ്യം
കഴിക്കയും ചെയ്തു- ഇനി അമ്പരും കയിറും വില്പാനുള്ളതു എല്ലാം പൊത്തുഗാലിന്നു

കൊടുപ്പാൻ തക്കവണ്ണം നിശ്ചയിച്ചപ്പൊൾ അവിടയും പാണ്ടിശാല കെട്ടിച്ചു വ്യാപാ
രിപ്പപ്പരെ പാൎപ്പിക്കയും ചെയ്തു — അക്കാലം ദിപ്പുകാൎമ്മിക്കയാറും വിഗ്രഹാരാധ
നക്കാർ അത്രെ — മാമിലും കന്ത്രസ്സിലും മാത്രം ചൊനകർ അധികം കണ്ടിരിക്കുന്നു —
പടെക്കളൊട്ടും ബലം ഇല്ലാത്ത ആയുധങ്ങളും ഇല്ല ഒടിയും മാരണവും വളരെ നടപ്പാകുന്നു
എന്നു കെട്ടിരിക്കുന്നു — അനന്തരം സിലൊരബ്ബക്കാരുത്തും ഒടി അതിലെ രാജാവി
ന്റെ ജണക്കം വരുത്തുവാൻ കഴിഞ്ഞില്ല താനും —

പിന്നെ ഇരുപത്തൊട്ടും ഇടവാടുണ്ടാകെണം എന്നു വെച്ചു സ്വാരസ് ൧൬൪൭
സെപ്ത്ഥാൻ കൊളമ്പുതുറമുഖത്തിൽ ഒടി രാജാവെ ചെന്നു കണ്ടാറെ — രാജാവ് വ
ളരെ മാനിച്ചു നിങ്ങൾ കൊച്ചിയിൽ ചെയ്ത പ്രകാരം എല്ലാം ഇവിടെയും ചെയ്തു എ
ങ്കിൽ കൊള്ളാം എന്നു പറഞ്ഞു — എന്നാൽ നിങ്ങളുടെ രക്ഷക്കായി ഇവിടെ കൊട്ട
കെട്ടി വ്യാപാരം നടത്താം എന്നു പറഞ്ഞപ്പൊൾ രാജാവ് സമ്മതിച്ചു — അടിസ്ഥാനം
ഇട്ടു തുടങ്ങിയാറെ കൊഴികൊട്ടു മാപ്പിളമാർ ചെന്നു ഇതു തന്നെ നിങ്ങൾക്കു നാശമാ
ത്തീരും എന്നും മറ്റും ഉണൎത്തിക്കയാൽ രാജാവിന്റെ മനസ്സു ഭെദിച്ചു അവൻ ചൊന
കരൊടു വലിയ ഇരിമ്പു തൊക്കുകളെ മെടിക്കയും ചെയ്തു — അതിനാൽ പട ഉണ്ടായാ
റെ പറങ്കികൾ ജയിച്ചു രാജാവ് അഭയം ചൊദിക്കയും ചെയ്തു — ഇക്കാലത്താലെ ആണ്ടു
തൊറും നൂറു ഭാരം കറുപ്പയും ൧൨ ആന മെത്തിരവും കപ്പമായി വെക്കാവു എന്നതിങ്ങ
ളെയശെഷം പറങ്കികൾ ഒരു കൊട്ട തീൎത്തു സിലൊര കപ്പിത്താൻ അതിൽ കാൎയ്യക്കാ
രനായി പാൎക്കും ചെയ്തു —

ശെഷം സ്വാരസിന്നു കപ്പിത്താനുള്ള ദ്ദുവാണ്ടു കഴിഞ്ഞപ്പൊൾ ലൊപെസ് സൊ
ഷെരഞ്ഞവന്റെ അനന്തരവനായിട്ടൊവയിൽ എത്തി സ്വാരസ് കൊച്ചിയി
ൽ തന്നെ വൎത്തുഗാലിലെക്ക് യാത്രയാകും ചെയ്തു ൧൬൧൮ ഡിശമ്പ്ര

ഭൂമിശാസ്ത്രം

തെക്കെ ആസ്യ

൨. ബെത്തണ്ണദ്വീപ്പ

ബത്തണ്ണദ്വീപിന്റെ അംശങ്ങൾ

ബ്രഹ്മപുത്രനദിയുടെ പ്രവാഹദെശത്തിന്നും ബങ്കാളസമുദ്രത്തിന്റെ കിഴക്കെ

രങ്ങളിന്നും കിഴക്ക സല്വൻ നദിയൊളം അൎദ്ധദ്വീപിന്റെ പടിഞ്ഞാറെ അംശം പര
ന്നുകിടക്കുന്നു - അതിൽ ബൎമ്മാരാജ്യവും ഇങ്ക്ലിഷ്കാൎക്കധീനമായ അറക്കാൻ മുതലായ
ദെശങ്ങളും അടങ്ങിയിരിക്കുന്നു —

സല്വൻ നദിയിൽനിന്നു കിഴക്കെ കംബൊചപുഴയൊളം ഉള്ള നടുവംശത്തി
ൽ സിയാം രാജ്യവും തെക്കൊട്ടു നീണ്ടുകിടക്കുന്ന മലായ അൎദ്ധദ്വീപിലെ ചെറുസം
സ്ഥാനങ്ങളും ഉൾപ്പെട്ടിരിക്കുന്നു —

കംബൊചനദിയിൽ നിന്നു ചീനസമുദ്രത്തൊളം ചെന്നെത്തികിടക്കുന്ന കിഴ
ക്കെ അംശത്തിൽ അന്നാം എന്ന രാജ്യമെ ഉള്ളു —

പടിഞ്ഞാറെ അംശം

൧. ഇങ്ക്ലിഷ്കാൎക്കധീനമാകുന്ന നാടുകൾ

അവറ്റിൽ ഒരംശം ബെങ്കാളരാജ്യത്തിന്റെ പടിഞ്ഞാറെ അറ്റത്തും മറ്റെതു കി
ഴക്കെ തീരങ്ങളിലും ഇരിക്കുന്നു — പടിഞ്ഞാറുള്ളത് ആസാം ദെശം പാതിബെങ്കാള
ദെശത്തൊട്ടു ചെൎന്നു ബ്രഹ്മപുത്രനദിയുടെ കിഴക്കെ തീരങ്ങളുടെ പ്രത്യെകം മലപ്ര
ദെശമായി നീണ്ടുകിടക്കുന്നു - അതിന്റെ വടക്കെ അംശത്തിലെ ഗാരൊ മലപ്രദെ
ശങ്ങളുള്ള സ്ഥാനങ്ങളിൽ ഒരൊരൊ ചെറുരാജാക്കൾ അധീനന്മാരായ്ക്കൊണ്ടു വാഴുന്നു ഇ
ങ്ക്ലിഷ്കാൎക്ക മെൽക്കൊയ്മസ്ഥാനമെ ഉള്ളു — തെക്കെ അംശം ബെങ്കാളസമുദ്രത്തൊടു
ചെൎന്നതാകുന്നു — അതിന്റെ പെർ ശ്രീഹന്ത - അരി നെല്ലു മുതലായ ധാന്യ
ങ്ങൾ ഉണ്ടാകുന്നു - പ്രധാനസ്ഥലങ്ങൾ ശ്രീഹന്ത - കൊമിലങ്ങാദികൾ ആകു
ന്നു - ശ്രീഹന്ത ദെശത്തിന്നു തെക്കൊട്ട അറക്കാൻ ദെശം ബെങ്കാളകടല്പുറത്തൂടെ
ചെന്നിട്ടും വടിക്കും നിരാരം കുറഞ്ഞും ഉള്ള നാട്ടു ബൎമ്മാരാജ്യത്തിന്റെ തെ
ക്കെ അറ്റത്തൊളം പരന്നിരിക്കുന്നു — സ്വഭൂമിയല്ലായ്കയാൽ ഇങ്ക്ലിഷ്കാൎക്ക ഇ
തുവരെയും അതിൽനിന്നു വലിയ ലാഭം ഉണ്ടായില്ല — കപ്പലൊട്ടത്തിന്നു മാത്രം അ
തു വെണ്ടതില്ലാ മുഖ്യനഗരങ്ങൾ ചിത്രഗ്രാമ — അറക്കാൻ - ഇങ്ക്ലിഷ പട്ടാളവാസമാ
യ അക്യാബ് എന്നിവയത്രെ - നിവാസികളുടെ സംഖ്യ ഏകദെശം ൪ ലക്ഷം -

ബൎമ്മാരാജ്യത്തിന്റെ കിഴക്കെ അറ്റത്തുള്ള ഇങ്ക്ലിഷ്കാരുടെ വശ
മായ്തീൎന്നിരിക്കുന്ന രാജ്യത്തിന്റെ അതിരൊടു തെക്കൊട്ടു ചെന്ന മലായ അൎദ്ധദ്വീ

പിന്റെ പടിഞ്ഞാറെ അറ്റത്തുള്ള കടപ്പുറം ആകുന്നു - അതിലും ചിലതരത്തിലുള്ളതും അ
ഒന്നൊടു ചെർന്നിരിക്കുന്നു - വടക്കെ അംശത്തിന്റെ പെർ മർത്തബാൻ - തെക്കെ അം
ശത്തിന്റെത് തെനസ്സരിം - ഇരുത്തി കപ്പൽ മെഴുകുപിടിപ്പുകളുള്ള പറയുന്നു - മുഖ്യപട്ട
ണങ്ങൾ മൊൽമെൻ അമ്പെർസ്ത് എന്നിവയാകുന്നു -

ബർമ്മാരാജ്യം

അതിന്റെ അതിരുകൾ കിഴക്കു ചീന - സിയാം രാജ്യങ്ങളും - മർത്തബാൻ ദെശവും - തെ
ക്കു ബെംഗാളസമുദ്രം പടിഞ്ഞാറെ അറകാൻ ശ്രീഹസ്താദി ഇങ്ക്ലിഷ്കാരുടെ ദെശങ്ങൾ - വട
ക്കു ചീനരാജ്യം - വിസ്താരം ഏകദെശം ൩൦൦൦൦ - നിവാസികളുടെ സംഖ്യ ഏകദെശം
൪൦ ലക്ഷം - അവർ വെവ്വെറെ ൨൦ ജാതികളായി വസിച്ചു ഭാഷാചാരഭെദത്തെ
യും അനുസരിക്കുന്നു എങ്കിലും ഒരു രാജാവിന്നു അധീനന്മാരായി ഒരു
മതസെവത്തിലും പലവിധമായ സ്വഭാവങ്ങളിലും ഏകദെശം ഒന്നായി ചെർന്നിരി
ക്കുന്നു - രാജ്യത്തിന്റെ വടക്കെ അതിർ തുടങ്ങി തെക്കെ അറ്റത്തോളവും ഐ
രാവതി പല ഉപനദികളെ ചെർത്തു കൊണ്ടു ഒഴുകി ഉപകരിക്കുന്ന നദിയാകുന്നു ഉത്ഭ
ദെശങ്ങളിൽ പ്രവഹിച്ചു വരുന്നു എങ്കിലും പ്രജകളുടെ ദാരിദ്ര്യവും രാജ്യൊപദ്രവവും
ഹെതുവായി ധനധാന്യാദികൾ കുറഞ്ഞു കാണുന്നുള്ളു - ധാന്യങ്ങളിൽ മുഖ്യമായ
തു നെല്ലു തന്നെ - കാട്ടുമരങ്ങളിൽ വിശിഷ്ടമായതു തെക്കുമരം - വലിയ കിഴങ്ങും
മുളകു കരിമ്പു പഞ്ഞിക്കും മറ്റും ലാഭം ഏറിയ ചരക്കായി വളർന്നു വരുന്നു - മലക
ളിൽ നിവാസികൾ പൊൻ വെള്ളി - ഈയം ചെമ്പ് ഇരുമ്പാദി ലോഹങ്ങളെയും വിളകളെ
എടുക്കുന്നു - കുതിര - പശു ആദി മൃഗങ്ങൾ ബഹുക്ഷാമമുണ്ടു - ആനയെ ഉൾപ്പെടെ മറ്റും
ഇല്ലാഞ്ഞിട്ടു - ഐരാവതി നദിക്കടുത്ത ചിന്ന കാർ ഏറിയ കപ്പൽ കാഴ്ചവടം നടത്തി
വരുന്നു - രാജാക്കന്മാർ ദുരധംഭികളാകകൊണ്ടു രാജ്യത്തിന്റെ ചുറ്റിലും വസി
ക്കുന്ന ജാതികൾ ബർമ്മാന്റെ ശത്രുക്കളാകുന്നത് - ഇങ്ക്ലിഷ്കാർ പലഅസഹ്യങ്ങളെ
പൊറുത്തതിന്റെ ശെഷം ൧൮൨൪ാം ക്രി. അ. യുദ്ധം ഭീതിയാളൊട്ടു പടതുടങ്ങി ജയിച്ചു
മെൽപറഞ്ഞ അറകാൻ മുതലായ ദെശങ്ങളെ കൈക്കലാക്കി ഇവിടെ നാൽ രാജ്യ
ത്തിന്റെ വലിപ്പത്തിന്നു കുറെ താഴ്ചവരുത്തിയിരിക്കുന്നു രാജ്യത്തിലെ മുഖ്യപട്ടണ
ങ്ങൾ ഇരിക്കുന്നതും ഐരാവതി നദിവക്കത്തിരിക്കുന്നു - ജെനപ്പുഴയിലെ വലിയ പട്ടണങ്ങ

ളായവ അമരപുരം - ആവ - പ്രൊമ ഇത്യാദികൾ - ഇതുവട നഗരങ്ങളിൽ മികെച്ചത് ഐരാവതിനദിയുടെ കിഴക്കെ കര മെൽകിടക്കുന്ന രംഗൂൻ തന്നെ - രാജധാനി അമരപുരം തന്നെ ആകുന്നു —

നട്ട അംശം

൪. സിയാം രാജ്യം

അതിരുകൾ കിഴക്ക അനാം രാജ്യം തെക്ക സിയാം ഉൾകടലും മലായ അർദ്ധദ്വീപും പടിഞ്ഞാറ മർതബാനാദി ഇങ്ക്ലിഷ്ക്കാരുടെ ദെശങ്ങളും ബൎമ്മാരാജ്യവും - വടക്ക ചീനരാജ്യം വിസ്താരം ഏകദെശം ൧൯൦൦൦൦ ചതുരശ്രയൊജന - നിവാസികളുടെ സംഖ്യ ഏകദെശം ൩൦ ലക്ഷം അവരിൽ ഏകദെശം ൧൧ ലക്ഷം മലായിക്കാരും ൧൫ ലക്ഷം ചീനക്കാരും ൧൧ ലക്ഷം ലൌസ്സ ആരായ മലവാസികളും ആകുന്നു - ശെഷം ൩ ലക്ഷം സിയാമ്യരും - കമ്പൊഛരും തന്നെ - രാജ്യത്തിന്റെ ഉൾ ഏകദെശം ബൎമ്മാരാജ്യത്തൊട ഒക്കും അവിടത്തെ ഐരാവതിപുഴെക്ക സമം ആയിരിക്കുന്ന സിയാമിൽ മെനം നദി വടക്ക നിന്ന തുടങ്ങി പലപുഴകളെ ചെൎത്തു വിശാലമായ താണദെശങ്ങളുടെ നടുവിൽകൂടി ചെന്ന സിയാം കടലൊട ചെൎന്നുവരുന്നു - രാജ്യത്തിന്റെ കിഴക്കെ അംശങ്ങളുടെ പ്രവൃത്തിയും കൊണ്ടിരിക്കുന്ന കമ്പൊഛനദിയുടെ ഒഴുക്കും ഇന്ന പ്രകാരം എന്ന ഇതുവരെയും അറിവാറായി വന്നില്ല - സിയാം രാജ്യത്തിൽ പ്രജകൾ ഒട്ടൊഴിയാതെ രാജാവിന്റെ അടിമകളാകകൊണ്ടും അവരുടെ മുതൽ യഥെഷ്ടം സ്വാധീനമാക്കുവാൻ അവന്ന ന്യായമുണ്ടാകകൊണ്ടും കൃഷിപണിയും കൈതൊഴിലുകളും ശുഭത്വമായി നടക്കുന്നു എന്ന നിരൂപ്പാൻ സംഗതി ഇല്ല - അനെക ചീനക്കാർ രാജ്യത്തിൽ കുടിയിരിക്കയാൽ അത്രെ കച്ചവടം അല്പം നടക്കുന്ന പട്ടണങ്ങളെ സിയാമിൽ ചുരുക്കമെ കാണുന്നുള്ളു - മെനം പുഴവക്കത്തുള്ള ബെങ്കൊക്ക നഗരത്തിൽ രാജധാനിയും ൪ ലക്ഷം നിവാസികളും അയുദ്ധ്യാപട്ടണത്തിൽ ൧ ലക്ഷത്ത ൫൦൦൦൦ വും ഉണ്ടെന്ന കെൾക്കുന്നു —

F. Muller Editor

പശ്ചിമോദയം

൧൦ തലശ്ശെരി ൧൮൪൮ ജൂലായി

കെരളപഴമ

൧൩., സിക്വെര കാലത്തിൽ മാലിലെ വിപത്ത

സിക്വെര നവവൎഷത്തിൽ മുമ്പെ മലാക്കയോളം കപ്പൽ നടത്തുകയാൽ കീൎത്തി ലഭിച്ചവൻ തന്നെ - തന്റെ അധികാരത്തിന്നു കുറവു വരുത്തെണ്ടെന്നു വെച്ചു അവൻ ഭക്തരാ ചൊനകരുടെ അഹങ്കൃതിയെ താഴ്ത്തി (൧൫൧൮) മാലിരാജാവെ കൊണ്ടു കപ്പം വെപ്പിക്കെയും ചെയ്തു - അവൻ കണ്ണനൂർ കോഴിക്കോട്ടു മുതലായ രാജാക്കന്മാരെ കണ്ടു സഖ്യം ഉറപ്പിപ്പാൻ ശ്രമിക്കയും ചെയ്തു ജനു. ൧൫൧൯ - മാലിലെ വൎത്തമാനം എല്ലാം കെട്ട ശെഷം (൧൫൨൦) അവൻ ഗൊമസ് കപ്പിത്താനെ കണ്ണനൂരിലെക്കു നിയൊഗിച്ചു - ആയവൻ ദ്വീപിൽ എത്തിയ ഉടനെ രാജാവൊടു കപ്പം വാങ്ങി കല്ലു കിട്ടായ്കയാൽ മരവും മണ്ണും കൊണ്ട ഒരു കൊട്ട എടുപ്പിപ്പാൻ തുടങ്ങി - അനന്തരം അവൻ ഒളിഞ്ഞ രാജാവെ ത്രാസിപ്പിച്ചു കണ്ടവരൊടു തന്റെ ഇഷ്ടം പ്രവൃത്തിച്ചു പൊന്നു - രാജാവ് അത് എല്ലാം സഹിച്ചു മിണ്ടാതെ പാൎത്തു പ്രജകളും യുദ്ധപ്രയൊഗം കിനാവിൽ പൊലും ഇല്ലാഞ്ഞു - ഗുജരാത്തിൽ നിന്നു കച്ചവടത്തിന്നു വന്ന മുസല്മാനർ ഒരു വൎത്തമാനം അറിഞ്ഞു ഉറെഞ്ഞ കപ്പിത്താനും ൧൫ ആളുകളും ഉള്ളു എന്നു കണ്ടു അകത്തു [illegible?] കൊട്ടയെ വളഞ്ഞു പൊരുതു കയറി ൧൫ പറങ്കികളെയും കൊന്നു വന്തക(?) കൊട്ടയെ ചുട്ടു കപ്പൽ ഏറി പൊകയും ചെയ്തു - അതിന്നു സിക്വെര കണക്കു ചൊദിച്ചപ്പൊൾ രാജാവ് വൃത്താന്തം എല്ലാം അറിയിച്ചു മുസല്മാനർ ഞങ്ങളുടെ ദെശസ്ഥർ എന്നും അല്ല ത്തുവരാകയാൽ പ്രതിക്രിയെക്കു സംഗതി ഉണ്ടാകില്ലു താനും - അന്നു മുതൽ ദ്വീപുകളിൽ പറങ്കികൾ പാൎപ്പാറില്ല - മുസല്മാനരുടെ കച്ചവടം അവിടെ വൎദ്ധിച്ചു നടന്നതിപ്രകാരം ക്രമത്താലെ ഇസ്ലാമിൽ ചെൎന്നു പൊകയും ചെയ്തു -

൧൪., കൊല്ലത്തു പാണ്ടിശാലയെ കൊട്ടയാക്കിയത് -

കൊല്ലത്തിൽ പാണ്ടിശാല ഉണ്ടെന്നാൽ പൊരാ കൊട്ട തന്നെ വെണം എന്നു സ്വാരസ്യം ഉച്ചരിച്ച ശെഷം സിക്വെര അതിനെ സാധിപ്പിപ്പാൻ റാണിയൊടു അപെക്ഷിച്ചു

നായർ ക്ഷത്രിയ ആയവരെ ബൈസേപ്പ് ഉള്ളവരും ൧൦൦൦ പേൎക്ക് ഇതിനാൽ ശ്രീ സ്ഥാനം കൊടുക്കാം
എന്നൊരു രാജ്ഞിയുടെ കല്പന കേട്ടു — അതുകൊണ്ട് ഉണ്ടായപ്പോൾ രാജാക്കന്മാരും ക്ഷത്രിയരും
സന്തോഷിച്ചു വണ്ണം പാതി ... വരും ... നിശ്ചയിച്ചു എന്നാൽ ഇതിനു കുമാരികൾ
എത്രയും പണ്ടു ... കൽപ്പിച്ചു ... പൊലയും പറയും കുമാരിമാ
രുടെ വീരന്മാരിൽ മൂന്നു പേർ ... ആൎക്കെല്ലാം ഉണ്ടാകുന്നത്
ഉള്ളവരെ ... കൊല്ലു ... നായന്മാൎക്ക്
കീൎത്തി ... ഇവരെ ... പ്രയത്നം വേണം — എന്നിട്ടു
നേരം ... രാജ്ഞി ... സാമദാനങ്ങളെ പ്രയോഗി
ച്ചു ... വാണിശാലയെ ... വിസ്താരമാക്കണം എന്നു ...
പറഞ്ഞു കോട്ട ... തുടങ്ങുകയും ചെയ്തു — അതിനാൽ ... മാത്രമല്ല കുമാരി
... പെണ്ണുങ്ങൾ ... നോക്കിയപ്പോൾ
... യും ... വിരോധങ്ങൾ ... യും ചെ
യ്തു — എന്നിട്ടും കുമാരിമാൎക്ക് ... ഇല്ല — രാജ്ഞി ... പടിക്കൽ
കൂടെ ... ദിവസത്തിൽ ൧൦൦൦ നായന്മാർ വന്നു ... വാങ്ങി
... ചെയ്തു എങ്കിലും ... പ്രയോജനം ഇല്ല — അത് കൊണ്ടു ... എന്നു
... രാജ്ഞി ... ഉറപ്പിച്ചു ... ഉണ്ടാക്കി
എന്നു കേട്ടാറെ രാത്രിയിൽ തന്നെ വഴിയാതെ ... കരെ ...
... നായന്മാർ ... ഉള്ളവരും ചെ
യ്തു കെട്ടുന്നതാകയാൽ — മഴക്കാലത്തും ഇടവിടാതെ വേല ചെയ്തു പോരുകയാ
ൽ ... കോട്ട ... സമ്പൂൎണ്ണം തീൎന്നു — രാജ്ഞിക്കും ... ളുമായി
... കുമ്പഞ്ഞി ... കെട്ടുവാൻ
കപ്പിത്താനെ ... ഉം വെച്ചുണ്ടായ ... എല്ലാം ചെയ്തു —
അതുകൊണ്ടു കാലത്താലെ തന്നെ ... മുളകിന്റെ ... ഉണ്ടായ
... കപ്പിത്താൻ ... മുളകിന്നു മുട്ടുണ്ടായപ്പോൾ ... വഴിയായി
... വന്നു ... മുളകു കൊണ്ടു ... ന്ന
കച്ചവടക്കാരുടെ വൃത്താന്തം കേട്ടാറെ കപ്പിത്താൻ മുളകു എല്ലാം ... ൽ

സ്ഥിതിക്കെങ്ങുതല്ലൊ എന്നൊരാശ്ചൎയ്യയെ ബൊധിപ്പിച്ചു—ഇന്നു നിറവുത്തിട്ടാത്തവരുടെ ബ്രഹ്മസ്ഥമാകുന്നു എന്നും മറ്റും ഉത്തരം കൊടുക്കുന്നൊരൊ ദിഗംബരനായകന്മാൎക്കു കാട്ടുവാസികളുടെ ഒരു കാളക്കാരൊട്ടു കൈയെററം ഉണ്ടാക്കുന്നവരെന്നും ഒരു തലയെ വെട്ടികൊണ്ടുവെച്ചാൽ ദ്രവ്യപ്രാപ്തി വരും എന്നതെല്ലാം പറഞ്ഞുകൊണ്ടു പുനായകന്മാർ കാളകളെ പിടിച്ചു അഞ്ചു നൂറുകൊന്നു തലകളെ കൊണ്ടുവെക്കുകയും ചെയ്തു അതുകൊണ്ടു കച്ചവടക്കാൎക്കു പെടിയുണ്ടു ആയുധങ്ങളുടെ ഭയങ്കൊണ്ടു പൊകുന്ന വഴിക്കും അടെച്ചുപൊയി—

ഭൂമിശാസ്ത്രം

തെക്കെ ആസ്യ

൧. ബഹിൎഗ്ഗംഗാൎദ്ധദ്വീപ്

നടുവംശം

൨. മലായസംസ്ഥാനങ്ങൾ

മലായദെശം ബഹിൎഗ്ഗംഗാൎദ്ധദ്വീപിൽനിന്നു തെക്കൊട്ടു സമുദ്രത്തിലെക്കു നീണ്ടുകിടക്കുന്ന ഒരു ചെറിയ അൎദ്ധദ്വീപാകുന്നു—അതിന്റെ നടുവിൽകൂടി ഒരു തൂക്കമല തെക്കൊട്ടു അറ്റത്തൊളം ചെന്നെത്തി നില്ക്കുന്നു—നിവാസികൾ മിക്കവാറും ഇസ്ലാമെന്ന മതം അനുസരിച്ചുവരുന്ന മലായർ ആകുന്നു—പണ്ടു അൎദ്ധദ്വീപിന്റെ ഒരൊരൊ അംശം ഭരിച്ചിരുന്ന രാജാക്കന്മാർ വൈരമായുള്ള സമീപത്തുള്ള ദ്വീപുവാസികൾക്കു ഭയങ്കരന്മാരായിരുന്നു—ഇപ്പൊഴൊ അവർ മിക്കവാറും ഇങ്ക്ലിഷ്കാൎക്കും ശിയാംരാജാവിന്നും അധീനന്മാരായിവന്നു—തെക്കെ അംശത്തിലെ പഹാങ്ങ്—ജൊഹൊർ—അമ്പൊ—സലംഗൊർ—ഇത്യാദി ചെറുരാജ്യങ്ങളിലും അവറിന്നു തെക്കെ ദ്വീപുകളിലും വാണുകൊണ്ടിരിക്കുന്ന പ്രഭുക്കന്മാൎക്കു ഇപ്പൊളും ഒരു സ്വാതന്ത്ര്യം ശേഷിച്ചിരിക്കുന്നു—എങ്കിലും അവരുടെ രാജ്യങ്ങൾക്കു സമീപമായി പുലൊപിനാങ്ങ്—സിംഗപ്പൂർ തുറമുഖങ്ങളും മലാക്കദെശവും ഇങ്ക്ലിഷ്കാരുടെ കൈവശത്തിൽ വന്നതുകൊണ്ടു പുറമെയും കച്ചവടത്തിലും നാൾക്കുനാൾ അവരുടെ മലായരെ ഇങ്ക്ലിഷ്കാരുടെ ശ്രദ്ധയും പരാക്രമത്തിന്നും അടങ്ങി നടക്കുന്നു—

കിഴക്കെ അംശം

എന്നാൽ രാജ്യത്തിന്റെ കിഴക്കും തെക്കും ചീനസമുദ്രം പടിഞ്ഞാറ

സിയാംരാജ്യം വടക്ക മഹാചീന തന്നെ—അതിന്റെ വിസ്താരം ഏകദെശം ൧൦൦൦ ചതുരശ്ര
ക്രൊശന—നിവാസികളുടെ സംഖ്യ ഏകദെശം ൨൦ ലക്ഷം—അവർ പണ്ടു പൂർവ്വകാല
ത്തിൽ ചീനരാജ്യത്തിൽനിന്ന വന്ന ശുഭദെശങ്ങളെ ഒക്കവെ പിടിച്ചടക്കി കുടിയിരുന്നു
വന്ന അന്നാമ്യരും അവരുടെ പരാക്രമങ്ങളെ സഹിയാതെ മലപ്രദെശങ്ങളിൽ വാ
ങ്ങിപ്പാർത്തുവരുന്ന കൊചാന്തരും തന്നെ—ഏകദെശം ൩ ലക്ഷം രൊമക്രിസ്ത്യാനർ ഒഴി
കെ നിവാസികൾ എല്ലാവരും ബുദ്ധസെവക്കാരാകുന്നു—ദെശം അനെകനദികൾ
നിമിത്തം പലകൃഷികൾക്കും കച്ചവടത്തിന്നും നല്ലതാകകൊണ്ടും ൧൨൦ വർഷത്തിന്നുമു
മ്പെ രൊമപാതിരിമാർ ആ രാജ്യത്ത വന്ന രാജപ്രസാദം പ്രാപിച്ചു പലകൈതൊഴി
ലുകളെയും മറ്റും നടത്തിയത്‌കൊണ്ടു പ്രജകൾക്കു പലവിദ്യകളിലും കൌശലപണികളി
ലും രസം ജനിച്ചു ഉള്ള സ്വഭാവം ഒരൊന്ന രാജ്യത്തിൽനിന്ന നീങ്ങി ധനവൃദ്ധിയും മറ്റും
വർദ്ധിച്ചുവരികയും ചെയ്തു—ജനപുഷ്ടി ഏറിയ പട്ടണങ്ങൾ രാജ്യത്തിൽ വളരെ ഉണ്ടു—
മുഖ്യമായവ കിഴക്കെ കടപ്പുറസമീപം ൪൦൦൦൦ നിവാസികൾ ഉള്ള ഹ്യൂഎ എന്ന രാജ
ധാനിയും കംബൊജനദിവക്കത്ത ൧ ലക്ഷം നിവാസികൾ പാർത്തുവരുന്ന സൈഗൊങ്ങ്
എന്ന മഹാകച്ചവടനഗരവും തന്നെ—

൩. ഹിന്തുസമുദ്രത്തിലെ ദ്വീപുകൾ

മെൽവിവരിച്ചുപറഞ്ഞ രാജ്യങ്ങൾ അല്ലാതെ ഹിന്തുസമുദ്രത്തിൽനിന്ന പൊങ്ങിനില്ക്കു
ന്ന അനെകദ്വീപുകളും തെക്കെ ആസ്യയിൽ അടങ്ങിയിരിക്കുന്നു—അവറ്റെ വെവ്വെ
റെ വിവരിപ്പാൻ സമയം പൊരാ ഒരൊരൊ കൂട്ടം ആയി പറവാനെ പാടുള്ളു—ലങ്കാദ്വീ
പിന്റെ അവസ്ഥ ഭാരതഖണ്ഡത്തൊടു ചെർത്തു വിവരിച്ചതിനാൽ ഇനി പറവാൻ
ആവശ്യമില്ലല്ലൊ—

൧. ദക്ഷിണഖണ്ഡത്തിന്റെ പടിഞ്ഞാറും തെക്കുമുള്ള കടപ്പുറങ്ങളിൽനിന്ന ഏ
കദെശം ൧൦. ൩൦. കാതം വഴി പടിഞ്ഞാറൊട്ട ഏകകൂട്ടം ചെറു തുരുത്തികളുണ്ടു—വടക്കെ കൂ
ട്ടത്തിന്ന ലക്ഷദ്വീപുകൾ എന്നും തെക്കെതിന്ന മലദ്വീപുകൾ എന്നും പെരുകൾ പറയു
ന്നു—അവറ്റിലെ നിവാസികളും ഉല്പത്തികളും ചുരുക്കമത്രെ—ഉല്പത്തികളിൽ മുഖ്യം ആ
കുവതെങ്ങയും അടക്കയും തന്നെ നിവാസികൾ എല്ലാവരും മാപ്പിള്ളമാർ ആകുന്നു—

൨. മെൽപറഞ്ഞ തുരുത്തികൾക്കു ഏകദെശം സമം ആയി ബങ്കാള അഖാതത്തിൽനിന്ന്

ട്രിഞ്ഞാറ അന്തമാൻ-നിക്കൊബാര-മെർഗ്ഗി എന്ന പല കൂട്ടം ദ്വീപുകൾ ബെങ്കാളസമുദ്ര
ത്തിന്റെ കിഴക്കെ അംശത്തിൽ തന്നെ കിടക്കുന്നു അന്തമാൻ ദ്വീപുകളിൽ കാട്ടു
ശംഖും നിവാസികൾ ഉണ്ട് അവരെല്ലാവരും കാട്ടാളരാകുന്നു- അവരുടെ ഭാഷ
യും അംഗരൂപവും ഭാരതീയ വെഷഭാഷാദികളിൽ നിന്നും വളരെ ഭെദിച്ചിരിക്കു
ന്നു-മുഖ്യം ആയ ചരക്ക കാട്ടുമരം തന്നെ- നിക്കൊബാര ദ്വീപുവാസികളും ഏറ്റ
വും മ്ലെച്ഛന്മാർ തന്നെ ആകുന്നു- അവർക്ക സുവിശെഷം അറിയിപ്പാൻ ഒന്നെങ്കിലും
൧൭൬൮ മുതൽ തരങ്കമ്പാടിയിൽ നിന്നു പല ബൊധകന്മാർ അങ്ങൊട്ടു പൊയെങ്കിലും
അങ്ങുള്ള ജ്വരങ്ങൾ പിടിച്ചതിനാൽ പറാസ്കൊ ഒന്നെ അവർ മിക്കവാറും മരിച്ചു കാ
ര്യം എല്ലാം അസാദ്ധ്യമായി പൊകയും ചെയ്തു- മെർഗ്ഗി തുരുത്തികളിൽ മീൻപിടിക്കാ
ർ മാത്രം വാസം ചെയ്യുന്നു—

൩. നിക്കൊബാര തുരുത്തികളിൽ നിന്നു തെക്ക കിഴക്കൊട്ടുള്ള ദ്വീപസംഘങ്ങളിൽ
മുഖ്യം ആയത സുന്താ ദ്വീപുകൾ തന്നെ- സുമത്ര- യാവ- ബൊർന്നെയൊ- മക്കാസ്സർ എന്ന
൪ വലിയ സുന്താ ദ്വീപുകൾ എന്നും യാവയിൽ നിന്നു നെരെ കിഴക്കൊട്ടുള്ള ബാ
ലി-സുമ്പവ- ഫ്ലൊരെസ്സ്- തിമൊർ ഇത്യാദി തുരുത്തികൾക്കു ചെറിയ സുന്താ തുരുത്തി
കൾ എന്നും പറയുന്നു-

൪. മക്കസ്സർ ദ്വീപിൽ നിന്നു നെരെ കിഴക്കൊട്ട ഗിലൊലൊ- സെറാം- അമ്പൊയ്നാ
മുതലായ മൊലുക്കാ തുരുത്തികൾ കിടക്കുന്നു-

൫. ബൊർന്നെയൊ ദ്വീപിൽ നിന്നു വടക്കകിഴക്കൊട്ടുള്ള തുരുത്തിക്കൂട്ടത്തിന്നു ഫിലി
പ്പീന ദ്വീപുകൾ എന്നു പറയുന്നു- ഈ പറഞ്ഞ ദ്വീപുസംഘങ്ങളുടെ നടുവിൽ ഒരൊരൊ
ചെറു തുരുത്തികളും തുരുത്തിക്കൂട്ടങ്ങളും കിടക്കുന്നു- എങ്കിലും അവറ്റിന്റെ പെരുകൾ
ഒക്കയും പറവാൻ സമയം ഇല്ല- ഈ ദ്വീപുവാസികൾ മിക്കവാറും മലായക്കാർ
ആകുന്നു- മുഖ്യം ആയ ഉല്പത്തികൾ ജാതിക്കാ- കറാമ്പു ഇത്യാദി സുഗന്ധദ്രവ്യങ്ങൾ തന്നെ-
ഹൊല്ലന്തക്കാർ അധീനം ആയ യാവാ- മൊലുക്ക മുതലായ തുരുത്തികളും- സ്പാന്യക്കാർക്ക കീഴടങ്ങിയ
ഫിലിപ്പീന ദ്വീപുകളും ഒഴികെ ശെഷമുള്ള ദ്വീപുകൾ മിക്കവാറും യുരൊപരാജ്യങ്ങ
ളൊടു ചെരാതെ വെവ്വെറെ രാജാക്കളെയും സുല്ത്താന്മാരെയും അനുസരിച്ചു നടക്കുന്നു-
ഹൊല്ലന്തരുടെ സ്വാധീനത്തിൽ ഇരിക്കുന്ന ജാതികൾ പലരും ക്രിസ്ത്യാനർ ആകുന്നു

എങ്കിലും അവരിൽ സദ്വിശ്വാസികൾ ചുരുക്കം താനും—

കിഴക്കെ ആസ്യ

കിഴക്കെ ആസ്യയിൽ അടങ്ങിയിരിക്കുന്ന ദെശങ്ങളാവിത. ചീനമഞ്ചുൾ ദെശങ്ങളും അതിന്നടുത്ത തുരുത്തികളും കൊരക്ക അൎദ്ധദ്വീപും ജെപ്പാനരാജ്യവും തന്നെ—

൧. ചീനദെശം

അതിന്റെ അതിരുകൾ കിഴക്ക മഹാശാന്തസമുദ്രത്തിന്റെ അംശങ്ങളായ മഞ്ഞക്കടലും ചീനസമുദ്രവും— തെക്ക ചീനസമുദ്രവും തൊങ്കിൻ ഉൾകടലും ബൎമ്മാ അസ്സാം ഭൂതാൻ നെപാൾ ആദിരാജ്യങ്ങളും— പടിഞ്ഞാറ ബൊഖാറാ— അഫ്ഘാനസ്ഥാൻ— തുൎക്കസ്ഥാൻരാജ്യങ്ങളും റുസ്സ്യസ്ഥാനദെശങ്ങളും— വടക്ക സിബിരിയ— മഞ്ചുൾദെശങ്ങളും തന്നെ— അതിന്റെ വിസ്താരം എകദെശം ഇരുപതലക്ഷം ചതുരക്രൊശയാകുന്ന ദെശത്തിന്റെ പ്രകൃതിയെയും മുഖ്യമായ നദികളെയും മുമ്പെ പറഞ്ഞുവല്ലൊ— ഹിമാലയം മുതലായ മലശാഖകൾ അതിൽ എങ്ങും വ്യാപിച്ചിരിക്കകൊണ്ട ദെശത്തിന്റെ മുക്കാലംശം മലഭൂമി തന്നെ— ഈ സകല മലകളിൽനിന്ന ഉത്ഭവിച്ചു താഴ്വരകളിൽ എങ്ങും ഒഴുകിവരുന്ന നദികളും അനെകം ഉണ്ട— ദീൎഘവും വെള്ളത്തിന്റെ ബഹുത്വവും വിചാരിച്ചാൽ എകദെശം ഗംഗയൊടു ഒത്തുവരുന്ന നദികൾ ചീനത്തിന്റെ നടുവിൽകൂടി പ്രവഹിച്ചു മഞ്ഞക്കടലിൽ ചെന്നുചെരുന്നതല്ലാതെ തെക്കും വടക്കും ഉള്ള ദിക്കുകളിൽകൂടി ഒഴുകിവരുന്ന പുഴകളും ചെറിയതല്ല താനും— മദ്ധ്യനദികൾക്ക ഹൊവാംഹൊ— യാങ്ങ്ത്സെകിയാങ്ങ് എന്നും തെക്കുള്ളതിന്ന സികിയാങ്ങ് എന്നും വടക്കെതിന്ന പെഹൊ എന്നും പെരുകളുണ്ട— ഈ സകലനദികൾക്കും തമ്മിൽ ചെൎച്ച ഉണ്ടാക്കി കപ്പലൊട്ടവും കച്ചവടവും വൎദ്ധിപ്പിക്കെണ്ടതിന്നു കൈസർകല്പനകളും വിസ്താരമായി നടക്കെണ്ടതിന്നു ചീനക്കാർ പല തൊടുകളെയും മറ്റും ഉണ്ടാക്കിയിരിക്കുന്നു— ദെശം പലദിക്കിലും മലഭൂമി എങ്കിലും വ്യാപാരത്തിന്നവെണ്ടുന്ന നിരത്തവഴികൾക്കൊട്ടും ക്ഷാമം ഇല്ല— ദെശത്തിൽ എങ്ങും നൊക്കിയാൽ പാഴായികിടക്കുന്ന ഒരു സ്ഥലവും കാണ്മാനില്ല— പലവിധകൃഷികൾ എവിടെയും ശുഭമായി നടക്കുന്നു— മലകളിൽനിന്ന പൊൻ വെള്ളി ഇരിമ്പ് ആദിലൊഹങ്ങളും കല്ക്കരി കല്ലുപ്പ് മുതലായ ഉപകാരസാധനങ്ങളും കണക്കൊളം വിളഞ്ഞുവരുന്നു—

F. Muller. Editor.

രാജ്യസമാചാരം

൩൦.   തലശ്ശെരി   ൧൮൫൦. ജൂൺ

മദ്യപാനികൾ

അമെരിക്കാഖണ്ഡത്തിൽ വെച്ചു സുവിശെഷം പ്രസംഗിച്ചുവരുന്ന റിഗ് പാതിരി ജനങ്ങൾ മദ്യം സെവിക്കുന്നതിനാൽ ഉണ്ടായ നഷ്ടം കണ്ടു ദുഃഖിച്ചു അതിനെ തടുപ്പാൻ വെണ്ടി വളരെ പ്രയത്നം ചെയ്ത പലരും തങ്ങളുടെ ഉത്സാഹത്തിനെ മാനിക്കുന്ന ബൊധവും അടക്കവുമുള്ളവരായിരിക്കുവാൻ സംഗതി വരുത്തിയതു വളരെ എളുപ്പമാകുക്കം. പ്രത്യെകം ചില ധനവാന്മാരായ കൃഷിക്കാൎക്കു നിരസം തൊന്നിയതുകൊണ്ട് അവർ അധികം കുടിച്ചു പാതിരിയെ പരിഹസിച്ചും നിന്ദിച്ചും ചെയ്തുകൊണ്ടും ബൊധമില്ലാത്ത പലരെയും അവന്റെ ഭവനവഴിയായി പറഞ്ഞയച്ചും വളരെ അതിക്രമം ചെയ്തു — അങ്ങിനെ ഇരിക്കുമ്പൊൾ ഒരു നാൾ ഒരു കൃഷിക്കാരിൽ മുമ്പനായവൻ അധികം കുടിച്ചു പാതിരിയെ അപമാനിപ്പാൻ നിശ്ചയിച്ചു ഒരുവനെ അത്യന്തം മത്തനാക്കി അസ്തമിച്ചാറെ തൊളിൽ പാതിരിയുടെ വീട്ടിൽ കൊണ്ടുചെന്നു വാതിൽ തുറന്ന അകത്താക്കി വാതിൽ അടെച്ചു ചിരിച്ചും ശപിച്ചും കൊണ്ടു പൊയിക്കളഞ്ഞു. ശെഷം മത്തൻ ആ മുറിയിൽ കണ്ട മെശക്കസെല മുതലായ സാമാനങ്ങളെ തകൎത്തു നഷ്ടം വരുത്തി വീട്ടുകാരെക്കും ദുഷിക്കയും അപമാനിക്കയും ചെയ്താറെ അവിടെ ഒരു കട്ടിന്മെൽ വീണു കിടന്നുറങ്ങി. എന്നാറെ പാതിരി ഞാൻ പൊയി ഉണ്ണുവെണം എന്ന് വിചാരിച്ചു പണിക്കാരനെ വിളിച്ചു ശവപ്രായമായി കിടന്ന ആ മനുഷ്യനെ വെറെ ഒരു മുറിയിലാക്കി നല്ല വെടിപ്പുള്ള ഒരു കിടക്കയിൽ കിടത്തി അവന്റെ വസ്ത്രവും ചെരിപ്പും വെടിപ്പാക്കുവാനും കല്പിച്ചു — അവിടെ മത്തൻ പുലരുവൊളം കിടന്നുറങ്ങി ഉണൎന്നപ്പൊൾ എങ്ങും നൊക്കി വിസ്മയിച്ചു ഞാൻ എവിടെ എന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പൊൾ പാതിരി മുറിയിൽ പ്രവെശിച്ചതു കണ്ടു നാണിച്ചു നിങ്ങളുടെ ഭവനത്തിൽ ഞാൻ വന്നതു എങ്ങിനെ എന്നു ചൊദിച്ചാറെ പാതിരി പ്രസന്നമുഖനായി അത് ഇപ്പൊൾ ഇരിക്കട്ടെ നിങ്ങൾ ഇപ്പൊൾ എന്നൊടു കൂടെ ഭക്ഷണം കഴിപ്പാൻ വന്നാൽ വളരെ സന്തൊഷം എന്നു പറഞ്ഞതു കെട്ടു

കുടിയൻ ഭക്ഷണത്തിന്നും അതിന്റെ ശെഷം പ്രാൎത്ഥനെക്കും ഇരുന്നെഴുനീറ്റാ
റെ പാതിരി അവനെ തലനാൾ വരുത്തിയ നഷ്ടം എല്ലാം കാണിച്ചു മിണ്ടാതെ നിന്ന
പ്പൊൾ അവൻ ഇതെന്തു എന്ന ചൊദിച്ചതിന്നു ഇഗ്ഗർ സാക്ഷ്യ ഇന്നലെ വൈകുന്നെ
രം എത്രയും ദുഷ്ടനായൊരു മനുഷ്യൻ ഇവിടെ വന്നു ഇപ്രകാരം ചെയ്തു എങ്കിലും
അവൻ മെലാൽ ഒരു നാളും ഇങ്ങിനെ ഒന്നും ചെയ്യാൻ സംഗതി വരാതിരിക്കെണ്ടതി
ന്ന ഞാൻ എന്റെ ദൈവത്തൊടു പ്രാൎത്ഥിക്കുന്നു എന്ന് കെട്ടു നാണിച്ചു ഞാൻ തന്നെ
ന്ന ആ ദുഷ്ടനാകുന്നു- ഞാൻ ആശാരിയെ കൊണ്ടുവന്ന എല്ലാം നന്നാക്കിച്ചു തരാം
എന്ന പറഞ്ഞ ശെഷം പാതിരി അതൊന്നും വെണ്ടാ നിങ്ങൾ ഇനി മദ്യത്തെ അ
ല്ല കൎത്താവായ യെശുക്രിസ്തുവിനെ തന്നെ സെവിച്ചാൽ മതി എന്റെ നഷ്ടം ഞാൻ
സഹിച്ചുകൊള്ളാം എന്ന പറഞ്ഞതു കെട്ടു കുടിയൻ കണ്ണുനീർ ഒഴുക്കി കരയുന്നതു ക
ണ്ടപ്പൊൾ പാതിരി അവന്റെ അരികെ ചെന്നിരുത്തി അവനൊടു കൂട പ്രാൎത്ഥിച്ചു
അവനെ സമാധാനത്തൊടെ പറഞ്ഞയച്ച ശെഷം അവൻ ആശാരിയെ കൊണ്ടു
വന്നു താൻ പൊളിച്ചുകളഞ്ഞ സാമാനങ്ങളെ എല്ലാം നന്നാക്കിച്ചു കൊടുത്തതല്ലാതെ
അന്നുമുതൽ വൃത്തിയുള്ള മനുഷ്യനായി നന്മ ചെയ്യുന്നതിൽ പാതിരിയെക്കും സഹായി
ച്ചു വിശ്വാസവും ദൈവഭയവും കൊണ്ടു കൎത്താവിന്റെ നാമത്തെ അലങ്കരിച്ചു
നടക്കയും ചെയ്യുന്നു—

ഒരു കാപ്പിരിയുടെ കഥ.

അവൻ പടിഞ്ഞാറ ആഫ്രിക്കയിൽ കടപ്പുറത്ത തന്നെ പാൎത്തു- ദൈവകരുണയാൽ
പാപബൊധം ജനിച്ചു സ്വശക്തിയാൽ ആ അപരാധഭാരം നീക്കുവാൻ കഴികയില്ല
എന്ന കണ്ടറിഞ്ഞപ്പൊൾ പാപമൊചനം പ്രാപിപ്പാൻ അവൻ പല ബിംബങ്ങളിൽ ചെ
ന്ന അപെക്ഷിച്ചു- ആ നാട്ടിൽ സുവിശെഷത്തെ അറിയിക്കുന്ന ബൊധകർ ഇല്ലാ
യ്കകൊണ്ടു അവന്റെ അദ്ധ്വാനം വെറുതെ ആയി- ദെശത്തിലെ പൂജാരികളൊടു സ
ങ്കടം പറഞ്ഞു സഹായം ചൊദിച്ചു എങ്കിലും അവന്റെ ദീനത്തിന്നു ശമിപ്പിപ്പാൻ അ
വരാൽ കഴിവു ഉണ്ടായില്ല താനും- അവൻ ഇപ്രകാരം വലഞ്ഞു പാപനിവൃത്തിക്കു
ഒരു വഴി കാണാതെ ദുഃഖിച്ചു കൊണ്ടിരിക്കുമ്പൊൾ ഒരു വിലാത്തി കപ്പൽ വെള്ളം
കയറ്റുവാൻ കടപ്പുറത്തെക്ക അടുത്തു വന്നു- ആ കപ്പലിൽ ഒരുത്തൻ ദുഃഖിച്ചു

കരഞ്ഞുകൊണ്ടിരിക്കുന്നതു കാഫിരിയെ കണ്ടു സങ്കടം എന്താകുന്നു എന്നു ചൊ
ദിച്ചപ്പൊൾ അവൻ അയ്യൊ ഞാൻ ഏറിയ മഹാപാപങ്ങളെ ചെയ്തു അവറെറ തീ
ർക്കുവാൻ ഒരു വഴി അറിയുന്നില്ല എന്നു സങ്കടപ്പെട്ടു പറഞ്ഞപ്പൊൾ ക്ലാസ്സാരൻ
ഇത്മാത്രം സങ്കടമായാൽ അത്ര ദുഃഖിക്കെണ്ടതല്ല. നീ എങ്ക്ലാന്തിൽ പൊകണം അവി
ടെ പാപങ്ങളെ തീർക്കുന്ന ക്രിസ്ത്യാനരുടെ ദൈവത്തെ കുറിച്ചു കെൾക്കാം എന്നു പറഞ്ഞു
വീണ്ടും കപ്പൽ കെറി പൊകയും ചെയ്തു— ആ ക്ലാസ്സാരൻ ദൈവഭക്തി ഒട്ടും ഇല്ലെങ്കിലും
അവൻ പറഞ്ഞ വാക്കു കാഫിരിയുടെ ഹൃദയത്തിൽ വീണു അവൻ അവറെറ
കൂടക്കൂടെ ഒർത്തു പാപങ്ങളെ തീർക്കുന്ന ക്രിസ്ത്യാനരുടെ ദൈവത്തെ അന്വെഷിപ്പാൻ
നിശ്ചയിച്ചു— കുറയകാലം കഴിഞ്ഞു വിലാത്തിക്കിലെക്കു പൊകുവാൻ ആഗ്രഹിച്ചാറെ
മറെറാരു കപ്പൽ കടപ്പുറത്തെ കണ്ടു ഉടൻ അവൻ ഉടനെ ചെന്നു താനും കപ്പൽ
കാരരൊടു കൂടെ എങ്ക്ലന്തിൽ പൊകുവാൻ കപ്പിത്താനൊടു അനുവാദം ചൊദിച്ചു ക
പ്പക്കൂലിക്കു തരുവാൻ മുതൽ ഇല്ലായ്കകൊണ്ടു അവൻ അതിന്നുപകാരം ക്ലാസ്സ
രന്റെ പണി എടുത്തു— യാത്രയിൽ അവൻ പലപ്പൊഴും തന്റെ പാപസങ്കടം മ
റ്റ ക്ലാസ്സാരൊടു അറിയിച്ചു ക്രിസ്ത്യാനരുടെ ദൈവത്തെ കുറിച്ചു ചൊദിച്ചു എങ്കി
ലും അവർ മിക്കവാറും പരിഹാസക്കാരാകകൊണ്ടു അവരിൽ നിന്നു ആശ്വാസം
അല്പം പൊലും പ്രാപിച്ചില്ല— കപ്പൽ എങ്ക്ലാന്തിൽ എത്തി അവൻ ഇറങ്ങി
ലൊണ്ടൊൻ നഗരത്തിൽ സഞ്ചരിച്ചു കണ്ടവരൊടു തന്റെ സങ്കടം അറിയിച്ചു പാ
പങ്ങളെ തീർക്കുന്ന ക്രിസ്ത്യാനരുടെ ദൈവത്തെ കുറിച്ചു ചൊദിച്ചാറെ ചിലർ ചി
രിച്ചു മറ്റു ചിലർ ഇവൻ ഭ്രാന്തൻ എന്നു ഈ അല്പകാര്യം കൊണ്ടു ഒരുത്തൻ
സ്വദെശം വിട്ടു ഇങ്ങൊട്ടു വരുമൊ എന്നു ദുഷിച്ചു അവനെ വെറുത്തു തള്ളി
കളഞ്ഞു—
ഒരു ഞായറാഴ്ചയിൽ അവൻ പട്ടണത്തിലെ ഒരു തെരുവിൽ നിന്നു ദുഃഖി
ച്ചു കരഞ്ഞപ്പൊൾ ഒരു സായ്പു അവനെ കണ്ടു അടുത്തു ചെന്നു സങ്കടം എന്താ
കുന്നു എന്നു ചൊദിച്ചാറെ അവൻ ഏറിയ പാപങ്ങളെ ചെയ്തതിനാൽ ഞാ
ൻ നരകത്തിന്നു യൊഗ്യൻ ഈ പാപങ്ങളെ തീർക്കുന്ന ദൈവത്തെ ഞാൻ അ
ന്വെഷിച്ചു നടക്കുന്നു. എങ്കിലും എന്റെ അന്വെഷണം ഇതുവരെയും നിഷ്ഫലം

-ഞ്ഞ എന്നു പറഞ്ഞപ്പൊൾ ആ സാക്ഷ്യ സമീപത്തു ഒരു പള്ളി ഉണ്ടല്ലൊ നീ അങ്ങൊട്ടു ചെ
ന്നാൽ ശാന്തി വരും എന്നു പറഞ്ഞു കാഷിരി പൊയി ലൊകർ വിഗ്രഹങ്ങളെയും മൂർത്തി
കളെയും പള്ളരെ വന്ദിക്കുന്നത് കെട്ടു എങ്കിലും പാപകാരണത്തിന്ന് ആത്മാവിനെ
ന കൊണ്ടു ഒരു വാക്കും കെട്ടില്ല — പ്രസംഗത്തിന്നു അവൻ ദുഃഖ പരവശനായി
പള്ളിയിൽ എത്തി ഒരു മൂലക്കിൽ ചെന്നു പൊട്ടിക്കരഞ്ഞാറെ ഒരു പാതിരി ഇവളെ
യാക്കിട്ടു വന്നു എന്തു പറ്റി ദുഃഖപ്പെടുന്നത് പ്രസംഗത്തിലെ അന്തരം കുഴങ്ങി പൊകൊ എന്ന
ചൊദിച്ചപ്പൊൾ അവൾ അതെ അതെ ഞാൻ വളരെ കുഴങ്ങി പൊയി എന്നു
പറഞ്ഞതിന്നു പാതിരി വല്ലത്രം വാങ്ങി ഞാൻ ഇതാ ചില വെപ്പു എന്നു ചൊന്ന
പ്പൊൾ കാഷിരി ഇങ്ങിനെ എന്റെ സങ്കടം തീരുന്നില്ല — പാപകടത്തെ തീർത്ത ക്രി
സ്ത്യാനരുടെ ദൈവത്തെ അന്വെഷിപ്പാൻ ഞാൻ അസ്ഥിരത്തിൽ നിന്നു ഇ
ങ്ങൊട്ടു വന്നു ദിവസെന തെടി നടക്കുന്നു എങ്കിലും ഇതുവരെക്കും സാധിച്ചില്ല ഇ
പ്രകാരം എല്ലാം പാതിരി കെട്ടപ്പൊൾ ആശ്ചര്യപ്പെട്ടു ഇന്നു വൈകുന്നെരത്തു
ഇങ്ങിനെ പള്ളിയിൽ ചെന്നാൽ പാപകടത്തെ തീർത്ത ദൈവത്തെ കുറിച്ചു കെ
ൾക്കും എന്നു പറഞ്ഞു പൊയി — വൈകുന്നെരമായപ്പൊൾ കാഷിരി ആ പള്ളിയിൽ
ചെന്നു വളരെ ജനങ്ങളെ കണ്ടു വിസ്മയിച്ചു കാത്തിരുന്നാറെ പാതിരി എഴുതി
വെദപുസ്തകത്തിൽ നിന്നു ചില വാക്കുകളെ വായിച്ചു ക്രിസ്തു എങ്ങളുടെ ജ്യൊതി
സ് എന്നു മൂലവാക്കു പ്രസംഗത്തിൽ വർണ്ണിച്ചു — മനുഷ്യർ പാപത്താൽ ഭ്രഷ്ടരാ
കി സ്വശക്തി കൊണ്ടു ഉണരപ്പെടുവാൻ പ്രാപ്തി ഇല്ലാത്തവർ അവർ ചെയ്യാ
ൻ കഴിയാത്തതു ക്രിസ്തു തന്റെ തിരുരക്തം കൊണ്ടു സാധിപ്പിച്ചു അവനിൽ വിശ്വ
സിക്കുന്ന ഏവരെങ്കിലും എത്ര വലിയ മഹാപാപങ്ങൾ ചെയ്തു എങ്കിലും ആശ്ച
ര്യപ്പെടെണ്ടതാണ് നിശ്ചയം — ക്രിസ്തുവിന്റെ രക്തം എല്ലാ ആത്മാക്കളുടെ പാപങ്ങളെ നീ
ക്കി മനസ്സിൽ ശുദ്ധി വരുത്തുവാൻ മതിയാകുന്നു ഉള്ളതാകുന്നു — കാഷിരി ഈ പ്രകാരം സു
വിശെഷത്തിന്റെ സാരാർത്ഥം കെട്ടപ്പൊൾ സന്തൊഷിച്ചു — പാപങ്ങളെ തീർത്ത ക്രിസ്ത്യാന
രുടെ ദൈവത്തെ ഇപ്പൊൾ ഞാൻ കണ്ടു കിട്ടി ഈ ദൈവത്തിന്നു സ്തൊത്രം എന്നു ചൊല്ലി —
പിന്നെ പാതിരിയൊടു ചെന്നു കണ്ടു സുവിശെഷജ്ഞാനങ്ങളെ അധികം ഗ്രഹിച്ചു കൊണ്ടി
രുന്നു പൊരിച്ചു — അവൾ ക്രമത്താലെ തിരുനാമത്തിലും സ്നാനം [illegible] പെട്ടു
ൻ കണ്ടു കിട്ടിയ [illegible] ദെശത്തിൽ [illegible] കൂടെ [illegible]
[illegible] യാത്ര ആക്കി [illegible] ദൈവനാമത്തെ വാഴ്ത്താലും ക്രിയകളാലും [illegible]

പശ്ചിമോദയം

നം. ൩൨ തലശ്ശേരി ൧൮൫൦. സപ്തെമ്പ്ര

ഭൂമിശാസ്ത്രം

(തുടൎച്ച)

൬. ചുങ്കാറും ചെറുബുക്കാറുകൾ

അവറ്റിന്ന അതിരുകൾ ആയത കിഴക്ക ചീന-മുങ്കുളി ദെശങ്ങൾ - തെക്ക തിബെത്ത രാജ്യം - പടിഞ്ഞാറ ബെലൂർ-മുസ്താഗ മുതലായ മലപ്രദെശങ്ങൾ - വടക്ക അല്താഹിൽനിന്ന തെക്കൊട്ട നിന്നുകിടക്കുന്ന ശാഖാഗിരികളും മുങ്കുളി ദെശവും തന്നെ — വിസ്താരം അത്യന്തം വലുതെങ്കിലും ഘോരമായ മരുഭൂമി അവറ്റിന്റെ നടുവിൽ കൂടി പരന്നുകിടക്കകൊണ്ടും അല്പകാലം മുമ്പെ ചീനക്കാർ യുദ്ധം കഴിച്ചു ഏറിയ ജനനാശം വരുത്തി ദെശം എല്ലാം സ്വാധീനമാക്കിയതകൊണ്ടും നിവാസികളുടെ സംഖ്യ നന്ന കുറമെ ഉള്ളു - തെക്കും പടിഞ്ഞാറും ഉള്ള അരികളിൽ ഉന്നതമലപ്രദെശങ്ങൾ അല്ലാതെ ദെശമദ്ധ്യത്തിലും കൂടി പല തടമലകളും ശാഖാഗിരികളും കിഴക്കൊട്ട നിന്നു നില്ക്കകൊണ്ടു അതമിക്കവാറുമ്പുയൎന്ന ഭൂമിയും കൃഷിക്കനനുസാരവും ആകുന്നു - അതിന്റെ വടക്കു പടിഞ്ഞാറെ അറ്റത്ത മലകൾക്ക ഉയരം കുറഞ്ഞു ഒരെ ദിക്കിൽ ചെല്ലുവാൻ ഇല്ലാഴ്കയാൽ പലവിശാലകണ്ടിവാതിലുകളും - സരസ്ഥലങ്ങളും - പുരാണകാലത്തിൽ ഹുണർ മുതലായ മ്ലെച്ഛജാതികൾക്ക ജനസമൂഹങ്ങളായി പടിഞ്ഞാറൊട്ട പുറപ്പെട്ടു യുരൊപയിലും മറ്റും ഏറിയ നാശങ്ങളെ വരുത്തുവാൻ വഴിയായിരുന്നത - ഇപ്പൊൾ തുൎക്കരൊടൊക്കയും ചീനക്കാൎക്ക അധീനമായ്പൊയിരിക്കുന്നു - അവർ അതിനെ പല അംശങ്ങളാക്കി സൈന്യങ്ങളെയും നാട്ടുവാഴികളെയും ആക്കിവെച്ചു ഭരിച്ചു കൊണ്ടിരിക്കുന്നു - ജനപുഷ്ടി വൎദ്ധിപ്പിക്കേണ്ടതിന്ന പൊതികളെയും നാടുകടത്തപ്പെട്ടവരെയും കുടി ഇരുത്തുകയാൽ നിവാസികൾ പലജാതികളും പലഭാഷക്കാരും ആകുന്നു - എങ്കിലും മുസല്മാനരും ബുദ്ധസെവികളും തന്നെ അധികം പ്രമാണിച്ചുത - ചീനക്കു ഒട്ടുമാറാത്ത വൈരം കാണിക്കുന്നു

ത്തിലും ആയവർ വിശേഷിച്ചൊന്നും വാങ്ങാതെ ഇത്രം ക്ഷമിച്ചുകൊണ്ടിരിക്കയാൽ ഇങ്ക്ലീഷ്കാർ അവരുടെ നാകം സഹിച്ചു വാങ്ങുന്നു - കച്ചവടം മുതലായ സുഖവൃത്തികൾ ദുർല്ലഭമായിട്ടത്രെ നടക്കുന്നു - അല്പം ചില സ്ഥലങ്ങളിൽ മാത്രം നിവാസികൾ അവകൊക്കു ഉത്സാഹവും രസവും കാണിക്കുന്നു - മുഖ്യപട്ടണങ്ങൾ വടക്കെ അംശത്തിൽ ഈറി ഏകദേശം ൫൦൦൦൦ നിവാസികൾ നാട്ടുവാഴിയും പലപട്ടാളങ്ങളും - പല ചീനക്കച്ചവടക്കാരും അവിടെ വസിക്കകൊണ്ടു ആ പട്ടണത്തിന്ന അല്പം ഒരു ശോഭയും നിവാസികൾക്കു ധനപുഷ്ടിയും വന്നുകാണുന്നു - തെക്കെ അംശത്തിൽ നാട്ടുവാഴിയുടെ വാസമായ കാഷ്ഗാരും - അക്സുകൊട്ടയും - യർക്കണ്ട് പട്ടണവും ജനപുഷ്ടിയിലും ധനധാന്യാദികളിലും പ്രാധാന്യം വന്ന സ്ഥലങ്ങൾ ആകുന്നു —

തിബെത്ത്‌രാജ്യം.

കിഴക്കു ചീനദേശം - തെക്കു ഭുതാൻ നെപാളരാജ്യങ്ങൾ - പടിഞ്ഞാറ കാശ്മീരം - വടക്കെ ചെറുബുക്കാർ മുതലായ നാടുകൾ - ഈ അതിരുകൾക്കകത്തടങ്ങിയ തിബെത്ത് രാജ്യം ഹിമാലയം മുതലായ ഉന്നതപർവ്വതങ്ങളുടെ മുകൾപരപ്പുദേശമായും സിന്ധു ശതദ്രു ബ്രഹ്മപുത്രാദി നദികൾക്കു ഉല്പത്തിസ്ഥാനമായും മാനസസരോവര - രാവണസരസ്സുകളെയും കൈലാസം മുതലായ വിശിഷ്ടപർവ്വതങ്ങളെയും കൊണ്ടു അത്യത്ഭുതമായും ഏകദേശം ൮൦൦൦ ചതുരശ്രയോജന വിസ്താരമായും ൫ ലക്ഷം ബുദ്ധസേവകന്മാർക്കു വാസസ്ഥലമായും കിടക്കുന്നു - സർവ്വരാജ്യങ്ങളിലും ഉന്നതമായ ഭൂമി തിബെത്ത് തന്നെ - അതിൽ ൧൫൦൦൦ കാലടി ഉയരത്തിൽ കുറഞ്ഞ ദിക്കുകൾ ദുർല്ലഭമായിട്ടത്രെ കാണുന്നുള്ളു - ൧൫൦൦൦ കാലടി ഉയരത്തിൽ ഉള്ള ഭൂഭാഗങ്ങൾ കിടക്കുന്നതാകുന്നു - സംവത്സരത്തിൽ ൯ മാസം ഹിമാധിക്യവും അസഹ്യശൈത്യവും ഉണ്ടാകയാൽ ഇത്രം വയലിൽ ഒന്നും ചെയ്വാൻ പാടില്ലായ്കയാൽ നാട്ടുകാരുടെ വൃത്തി വിശേഷിച്ചു കൃഷി അല്ല ഗോരക്ഷ തന്നെ — അവരുടെ ആഹാരം മിക്കവാറും ആട്ടിറച്ചി അത്രെ — ചില കൈതൊഴിലുകളിൽ മാത്രം അവർക്ക അല്പം ഒരു സ്വാതന്ത്ര്യം ഉണ്ടു - ചീനക്കാരൊടല്ലാതെ അവർക്കു പുറനാട്ടുകളിൽ ഒരു വ്യാപാരസംബന്ധം

ണ്ടു—ഈ മതപ്രകാരം തിബെത്യരെല്ലാവരും ബുദ്ധസേവകന്മാർ തന്നെ—അവരുടെ മതവ്യവസ്ഥക്കാരൊ ലാമക്കിന്ത്യാനരൊട്ടും അല്ല. ഒരു സമയം ഉണ്ടു ൩൦൦൦ ക്ഷേത്രങ്ങളും രാജ്യത്തിൽ എങ്ങും നിറഞ്ഞിരിക്കുന്നു—മഠത്തിൽ പാർത്തു ദിവസം കഴിക്കുന്ന തപസ്വി ഭിക്ഷുക്കൾ ൮൪൦൦൦ എന്നു വെച്ചു ആൺമഠങ്ങളിലും പെൺമഠങ്ങളിലും ജനങ്ങൾ നിറഞ്ഞു വസിക്കുന്നു—മഹാസന്യാസിക്കു ലാമ എന്നും പാപ്പാക്കു സമമായി മാർഗ്ഗവിശേഷങ്ങളെ എല്ലാം വിചാരിച്ചു നടത്തുന്നവൻ മഹാലാമ (ദലായിലാമ) എന്നും പെർ—മഹാലാമ മനുഷ്യരൂപം ധരിച്ച ദെവനത്രെ എന്നു തിബെത്യർ എല്ലാവരും സമ്മതം ആകയാൽ അങ്ങൊട്ടിക്കാരുടെ ആത്മാക്കളിൽ അവന്നു ഇത്ര അധികാരം ഉണ്ടെന്നു പറഞ്ഞു കൂടാ—പ്രപഞ്ചകാൎയ്യങ്ങളിൽ അവൻ ചീനകൈസരുടെ ദാസനും മാസപ്പടിക്കാരനും അത്രെ—ചീനപ്പട നായകന്മാർ നാടുവാഴികൾ ആയി ദലായിലാമയുമായി ആലോചിച്ചു ഒരൊരൊ ബൊധനകളെ രാജ്യത്തിൽ എങ്ങും സ്ഥാപിച്ചു കാൎയ്യാദികളെ നടത്തി വരുന്നു—കല്പനകളുടെ നിവൃത്തിക്കായി ൬൦൦൦ ആയുധപാണികൾ ഒരുങ്ങിയിരിക്കുന്നു—തിബെത്ത് രാജ്യത്തിൽ നാൽ അധികം പട്ടണങ്ങൾ ഉണ്ടു—അവറ്റിൽ പ്രധാനമായത ദലായിലാമയുടെ വാസസ്ഥലമായ ല്ഹസ്സനഗരം തന്നെ—രാജ്യത്തിലെ വിശിഷ്ടക്ഷേത്രമഠങ്ങളും അവിടെ തന്നെ—നിവാസികളുടെ സംഖ്യ ഏകദെശം ൮൦൦൦൦—

൫. വടക്കെ ആസ്യ

മദ്ധ്യ. മുകിള-ച്ചു മുതലായ ദെശങ്ങളിൽനിന്നും പടിഞ്ഞാറെ ആസ്യയിലെ ഉരാൽ എന്ന മലപ്രദേശത്തിൽനിന്നും വടക്കൊട്ട ഹിമസമുദ്രത്തൊളവും യുരൊപഖണ്ഡത്തിന്റെ കിഴക്കെ അതിർ നാട്ടുകളിൽനിന്നു കിഴക്കൊട്ട മഹാശാന്തസമുദ്രത്തൊളവും ഉള്ള വിശാലദെശം എല്ലാം വടക്കെ ആസ്യയിൽ അടങ്ങിയിരിക്കുന്നു—അതിന്നു സിബെര്യ എന്ന പെർ—വിസ്താരം ഏകദെശം ൨൨ലക്ഷം ചതുരശ്രയൊജന—കിഴക്കും തെക്കും പടിഞ്ഞാറും അതിർ നാട്ടുകൾ മാത്രം മലപ്രദെശം ആകുന്നു—ശെഷമുള്ളതൊക്കയും താണഭൂമി തന്നെ—അതിൽ കൂ

ടി ഒഴുകുന്ന ഒബി-യനി സെ-ലെന മുതലായ മഹാനദികൾ എല്ലാം തെക്കെ അതി
ലെ മലപ്രദെശത്തിൽനിന്നു ഉത്ഭവിച്ചു വടക്കോട്ടു പ്രവഹിച്ചു ഹിമസമുദ്രത്തിൽ ചെന്നു
കൂടുന്നു-പടിഞ്ഞാറെ അതിരിലെ ഉരാൽ നദി മാത്രം വടക്കുനിന്നു തെക്കോട്ടൊഴുകി കാ
സ്പിയ സരസ്സിൽ ചെന്നു ചെരുന്നു-സരസ്സുകളിൽ വിസ്താരം എറിയതു തെക്കെ മലപ്രദെ
ശത്തുള്ള ബൈക്കാൽ സരസ്സ തന്നെ-അതിന്റെ വിസ്താരം ൭൦൦ ചതുരശ്ര യൊജന-രുസ്സ്യ
കൈസൎക്ക അധീനമായ ഈ മഹാരാജ്യത്തിൽ ഹിമാധിക്യവും അസഹ്യ ശൈത്യവും നിമി
ത്തം വാസികളുടെ സംഖ്യ ൪൦ ലക്ഷമത്രെ-കൈസർ നാടുകടത്തി അങ്ങൊട്ടയച്ചുവരു
ന്ന രാജദ്രൊഹികളും ചെറിക്കളുമാരും അല്ലാതെ അവർ പലവിധമായ മ്ലെച്ഛന്മാ
രാകുന്നു-കൊസക്കർ-ബസ്കിരർ-കിൎഗ്ഗിസർ എന്നും മറ്റും അവരുടെ പെരുകൾ-മലപ്രദെ
ശങ്ങളിൽനിന്നു കുഴിച്ചെടുത്തു വരുന്ന പഞ്ചലൊഹങ്ങൾ ഇത്ര വില എന്നു പറഞ്ഞുകൂടാ-
വിലയെറിയ മൃഗത്തൊൽ കച്ചവടവും അല്പം അല്ലായ്കയാൽ ആ രാജ്യം കൈസൎക്ക ധന
ശാലയായി ഭവിച്ചിരിക്കുന്നു-കൃഷി അല്പം ചില ദിക്കുകളിൽ മാത്രമെ നടക്കുന്നുള്ളു-പ്ര
ദെശത്തിന്റെ വടക്കെ അംശം മുഴുവൻ ഇത്ര ഹിമം മൂടികിടക്കുന്നു-കൈസർ ആ വിശാ
ല ഖണ്ഡത്തെ ചില പ്രവിശ്യകളാക്കി നാടുവാഴികളെ വെച്ചു കാൎയ്യാദികളെ നടത്തിവ
രുന്നു-അവർ വസിക്കുന്ന പട്ടണങ്ങൾ ആവിത-ഉരാൽ മലപ്രദെശക്കാരത്തിനടുത്ത് പെൎമ്മ
൫൦൦൦൦ നിവാസികൾ-ഇൎത്തിഷ് നദിയുടെ അരികിൽ തൊബൊൽസ്ക ൨൦൦൦൦ നിവാസി
കൾ-ഒബി നദിയുടെ കരസമീപത്ത തൊംസ്ക ൧൦൦൦൦ നിവാസികൾ-യനിസെ നദിവക്കത്തെ
യനിസെസ്ക നഗരം ൭൦൦൦ നിവാസികൾ-ബൈക്കാൽ സരസ്സിന്നു സമീപമായ ഇൎക്കുച്ച്ക്
൧൫൦൦൦ നിവാസികൾ ലെന നദിയുടെ കരമെൽ യക്കുച്ച്ക് ൩൦൦൦ നിവാസികൾ-രാ
ജ്യത്തിന്റെ കിഴക്കെ അംശങ്ങൾ ആയ കംചക്ക-കുസ്സക്ക അദ്ധ്യ ദ്വീപുകളിൽ പ
ട്ടണങ്ങൾ ഉണ്ടെന്നു പറഞ്ഞുകൂടാ-സിബെൎയ്യയൊടു ചെൎന്ന തുരുത്തുകളിൽ ന
വസിബ്രിയ മുതലായവ ഹിമകടലിലും-അലെത്ത-കുറില ദ്വീപുകൾ
മഹാശാന്തസമുദ്രത്തിലും കിടക്കുന്നു— അവറ്റിൽ വിവരിപ്പാനുള്ള
തു വിശെഷിച്ചു ഏതും ഇല്ല—

F. Muller. Editor.

പശ്ചിമൊദയം

൧൦൭ നവെമ്പ്ര | തലശ്ശെരി | ൧൫ാം അക്കം

കെരളപഴമ

൧൫൦൩ കൊച്ചിക്കരികിൽ നായന്മാരുടെ പട-

ആ ൧൫൦൩ാമതിൽ ഇടവം പാതി കഴിയുമ്മുമ്പെ സിംഹൊര കൊച്ചിയിൽ എത്തി മഴക്കാലം അവിടെ കഴിപ്പാൻ നിശ്ചയിച്ചാറെ ഇഴികടൂരത്തിൽ തന്നെ ഒരു പട വെട്ടുവാൻ ഉണ്ടു അതുകൊണ്ടാൽ നല്ലനെരം പൊക്കാൻ ഇഷ്ടം എന്നു കെട്ടു- ൧൫൦൦ൽ അധികം പറങ്കികളൊടു കൂടതൊണിവഴിയായി പുറപ്പെട്ടു പട കാണെണ്ടുന്ന സ്ഥലത്തെത്തുകയും ചെയ്തു— ആ പട ആരുമായി എന്നാൽ പെരുമ്പടപ്പ താമൂതിരി ഇവരെണ്ടു ശ്രമിച്ചുള്ള ഭൂപന്മാർ തമ്മിൽ ഇടഞ്ഞു ന്യായം തീർപ്പാൻ ഇവഴി ഒരു കൂറ്റൻ എന്നെ കല്പിച്ചു ൫൦൦൦ നായന്മാരൊളം ചെർത്തു കൊണ്ടു പൊർ തുടങ്ങുകയും ചെയ്തു— പട അല്പം ചെന്നാറെ ഒരു വെള്ളക്കാരൻ കൊച്ചിക്കാരുടെ ഒടിക്കണ്ടു ഞാനും ചാൎത്ത മാപ്പിള്ളമാർ പക്ഷം ചെരട്ടെ എന്ന പൊക്കിച്ചതു മറ്റുതല കണ്ടു ഇടനെ അനെകം തീപ്പിന്തുകളെ പറങ്കി കൂട്ടത്തിൽ എയ്യാൻ കല്പിച്ചു— അതുകൊണ്ടു ഉൾപ്പടനെ മരിച്ചു പലരും മുറിഏറ്റു സിംഹൊര തുടങ്ങിക്കുള്ളവർ തിരായുധക്കാരാകയാൽ ബദ്ധപ്പെട്ടു തൊണികളിൽ കരെറി ഓടിപ്പൊകയും ചെയ്തു—

മഴക്കാലം തീരാറെ സിംഹൊര കൊല്ലത്തിൽ നടക്കുന്ന തൊട്ടപ്പൂതി താനും ചെന്നു കണ്ടു ചില മാസം പാർത്തു- പതിവെല്ലാം തികഞ്ഞപ്പൊൾ താമൂതിരി കൊടുമെന്നവൈർ ഉണ്ടാകയും ചെയ്തു— ആ കൊട്ടത്തുറമുഖത്തിൽ പ്രവെശത്തിൽ തന്നെ ഗൊപുരങ്ങളൊടും ചതുരശ്രമായി കെട്ടിച്ചത് തന്നെ- അനന്തരം സിംഹൊര അങ്ങനെ അനെകം പടയാളികളെയും കൂടിച്ചെർക്കുവരെയും കൊച്ചിയിൽനിന്നു ചെർത്തു ഇളിദ്ര പടെക്കായി പുറപ്പെട്ടു ൧൫൦൪. ജനവരി ഹബ്ബ് ലെത്തുന്നവരെയും കണ്ടു മുസല്മാനരെ തെട്ടപ്പാൻ മമത പറഞ്ഞും പാപ്പാവെ അനുസരിപ്പാൻ ഉപദെശിച്ചും കൊണ്ടു സംസാരിച്ചു ഒറ്റെലം കാണാതെ ചെക്കടയിൽ പാർത്തു കാലം കഴിക്കയും ചെയ്തു—

൧൫൦൪ കൊല്ലത്തിൽ പുതിയ പട തുടങ്ങിയത്

കൊട്ടയിരാത്ത കാലം കൊല്ലത്തു രാണിയൊടു മുളകു ഭാരം എല്ലാം ഒപ്പിപ്പാൻ റൊദ്രിഗ
സ് കപ്പിത്താൻ ചൊദിപ്പാറില്ല- പണിതിന്റെ ഇടനെ നമ്മുടെ കണക്കിൽ ഇനി മൂന്നും ഭാരം
വെപ്പാനങ്ങു രാണിയവർകൾക്കു ദയ വിചാരിച്ചു കാൎയ്യത്തെ അഭാഷയിൽ ആക്കിയാൽ
കൊള്ളാം എന്നു ഉണൎത്തിച്ചാറെ- രാണി വിസ്മയിച്ചു ഇത് എന്തിന്നു ചൊദിക്കുന്നു കൊട്ട
യെ കെട്ടുവാൻ ഞാൻ അനുവാദം തന്നുവല്ലൊ ഇനി മുളകു കപ്പം വെക്കെണ്ടി വരും
എന്നു ഞങ്ങൾക്കു ഒരു നാളും വിചാരിച്ചില്ലല്ലൊ എന്നിങ്ങനെ എല്ലാം പറഞ്ഞാറെയും കാ
പ്പിത്താൻ മുട്ടിച്ചു പൊരുമ്പൊൾ പട വെണം എന്നു [illegible] തിന്നു നിനെപ്പാൻ
തുടങ്ങി- അവൾക്കു മാറി രാണിയെ ബൊദ്ധ്യം വരുത്തി കൊട്ടക്കെ പൊകുന്നതെ
ല്ലാത്തികളെ മാപ്പിള്ളമാരെ കൊണ്ടു പെടിപ്പിച്ചു അട്ടിപ്പതല്ലാതെ കുമാരിരാണി
യുടെ പുത്രനിൽ മാൎത്താണ്ഡതിരുവടി എന്നവൻ ഒരൊരൊ വിരൊധങ്ങൾക്കു ചൊല്ലി തുട
ങ്ങി കപ്പിത്താൻ റാണിമാരൊടു സങ്കടം ബൊധിപ്പിച്ചിട്ടും വ്യാജം എന്നിയെ ഉത്തരം
ചൊല്ലിയതും ഇല്ല- ആയതുകൊണ്ടു മാപ്പിള്ളമാർ പടകിൽ ഗൂഢമായി മുളകു കൊണ്ടു
ൻ എന്നു കപ്പിത്താൻ കൊട്ടാറെ ആളയച്ചു [illegible] ചരക്കു മായിക്കൊണ്ടു കലാശി
ഞ്ഞിനാൽ പിറ്റെ ദിവസം വിസ്താരം തുടങ്ങി [illegible] പറക്കിയതിനെ കൊ
ല്ലുവാൻ ചിലർ ഭാവിച്ചു അവനും മണ്ടിക്കളഞ്ഞാറെ കൊല്ലക്കാർ പലരും മാൎത്താണ്ഡ
നെ ഭയപ്പെട്ടു കൊട്ടയിൽ കുടിയിരുന്നാലും ചൊല്ലി തങ്ങളെ ചെൎത്തു കൊള്ളെണം എന്ന
പെക്ഷിച്ചു- ആയതു കപ്പിത്താൻ കൊമ്പുഞ്ഞിയിൽ അറിയിപ്പാൻ അയച്ചു സഹായം ചൊ
ദിച്ചാറെയും പണം എങ്കിലും വലിയ തൊക്കു കാരെരം എങ്കിലും ഇങ്ങൊട്ടയപ്പാൻ തൊ
ന്നീട്ടില്ല- ശെഷം കൊട്ടയെ പിടിപ്പാൻ കഴികയില്ല എന്നു റാണിമാർ നിശ്ചയി
ക്കയാൽ ആകുറുപ്പന്മാർ മൂവരെ കൊണ്ടു ദ്രൊഹം നടത്തുവാൻ വിചാരിച്ചതിൻ പ്രകാരം-
അവർ കൂടക്കൂടെ രാത്രിയിൽ കൊട്ടയുടെ വാതിൽക്കൽ ചെന്നു റാണിമാരും വിശെഷാ
ൽ മാൎത്താണ്ഡന്റെ അന്നു അന്നെ നായര മഹതിരുവടിയും ഞങ്ങളിൽ അനുഗ്രഹം ഭാവി
ച്ചു വിളിപ്പിപ്പാൻ [illegible] പൊന്ന് [illegible] ചനത്തിന്നു മാത്രം കിട്ടിയാൽ ഞങ്ങളും നമ്മുടെ നാ
യകന്മാർ അറുനൂറവരും പൊൎത്തുഗാലിക്കു [illegible] ചെൎത്തു കൊള്ളാം എന്നു ഒരൊ വി
ധന പറഞ്ഞു പൊരുമ്പൊൾ റൊദ്രിഗസ് വിശ്വസിച്ചു മൂവൎക്കും ക്രമി നിശ്ചയിക്കയും ചെ
യ്തു- അനന്തരം ഒന്നി ദിവസം തൊമാപ്പള്ളിയിൽ വെച്ചു [illegible] ക്കാരും രാത്രി

യിൽ കൂടി കാഴ്ചയും സത്രുവും ചെയ്യാവു എന്നു അവധി പറഞ്ഞു കൊള്ളുവാൻ വിചാരിച്ചു പാൎത്തൊ ഡീഹാസ് എന്നൊരു കൊല്ലത്തിൽ അധികം ഒരിക്കലും കോട്ടയുടെ പുറത്തു കണ്ടില്ല പോലൊ അവൻ ഇപ്പോഴും വിടുകയില്ല എന്നു ബെസിച്ചു ചൊന്നാറെ വെറെ പ്രധാനികൾ ചെല്ലെണം എന്നു തൊന്നി- അതിന്നു ഒരു രാഗസംഗതിയാൽ കഴിവു വന്നില്ല- പിന്നെ ചെല്ലേണ്ടിയ ദിവസം നായന്മാൎക്കു ശകുനം നന്നായ്വന്നില്ല- ഒടുക്കം ഫ്രകാക്കാൎക്കും സംശയം ജനിച്ചു കുറുപ്പന്മാർ മൂവരും രാത്രിയെ ചെന്നു കണ്ടു ചതിപ്പാൻ കഴികയില്ല ഇനി ദണ്ഡപ്രയോഗം വെണം എന്നു നിശ്ചയിച്ചു ൫൦൦൦ നായന്മാരൊടു കൂട കോട്ടക്കു നെരെ പൊരുതു പൊകയും ചെയ്തു—

ഭൂമിശാസ്ത്രം

൧. പടിഞ്ഞാറെ ആസ്യ-

നടുവെ ആസ്യയുടെ പടിഞ്ഞാറെ മലപ്രദെശങ്ങളിൽ നിന്നും ഭാരതഖണ്ഡത്തിലെ സിന്ധുനദീതീരത്തിന്നും പ്രഭൂഖണ്ഡങ്ങൾ വിശാലമായി പടിഞ്ഞാറൊട്ടു പരന്നു കിടക്കുന്നു അതിൽ വടക്കുള്ള ഉന്നതമിക്കവാറും താണദെശമാകും കിഴക്ക മുസ്താഗ്- ബെലുർ പൎവ്വതങ്ങൾ- തെക്ക ഹിന്തുകുഷ്- പരൊപ്പമിസാമലകൾ- പടിഞ്ഞാറ കസ്പിയ സരസ്സ വടക്കു സിബെക്കരാജ്യം ഈ 4 അതിരുകളൊടും കൂട പല മ്ലെച്ഛന്മാൎക്കും തുൎക്കൊമാനികൾക്കും വാസസ്ഥലമാകും അന്യൊന്യം സംബന്ധമില്ലാത്ത ചെറുരാജ്യങ്ങളൊടും വിസ്തീൎണ്ണ മരുഭൂമികളൊടും കിടക്കുന്നു- അതിന്നു തുറാൻ എന്നും തുൎക്കസ്ഥാൻ എന്നും പെർ പറയുന്നു- തെക്കുള്ള ഉന്നതഹിന്തുപാൎസ്യമലപ്രദെശം തുടങ്ങി വടക്കു തുറാൻ തെക്ക പാൎസ്യകടൽ ഇവറ്റിന്റെ മദ്ധ്യെ ഉയൎന്ന ദെശമായി പടിഞ്ഞാറൊട്ടു കസ്പ്യ സരസ്സ അൎമ്മെന്യമലപ്രദെശം ഫ്രാത്ത്- തിഗ്രിസുകളുടെ തീരം- എന്നിവറ്റൊളം വ്യാപിച്ചിരിക്കുന്നു- അതിന്നു ഇറാൻ എന്നു തന്നെ പെർ- അതിന്റെ പടിഞ്ഞാറെ അതിരിൽ നിന്നു തെറ്റു മലപ്രദെശം എന്നും ചിറ്റാസ്യ എന്നും പറയുന്ന ഭൂമി വടക്കു പൊന്തൻ കരിങ്കടൽ- തെക്ക ഫ്രാത്ത്- തിഗ്രിനദികൾ മദ്ധ്യതറന്യാഴി ഇവ അതിരുകളൊടും പടിഞ്ഞാറൊട്ടു മൎമ്മര കടലൊളവും- ദ്ദൎദ്ദനെല്ലു വഴി പാൎക്കുന്നവും ചെന്നെത്തി കിടക്കുന്നു- ഈ പറഞ്ഞ ഖണ്ഡങ്ങൾ മൂന്നും കസ്പിയ- കരിങ്കടലുകളുടെ കൊകാസ്യമലപ്രദെശവും പടിഞ്ഞാറെ ആസ്യയിൽ അടങ്ങി ഇരിക്കുന്നു—

൭, തുറാൻ-

അതിന്റെ അതിരുകളെ മീതെ പറഞ്ഞുവല്ലൊ- കിഴക്കെ അംശം മലപ്രദെശവും പടിഞ്ഞാറെ അംശം മിക്കവാറും മരുഭൂമിയും ആകുന്നു- സിഹൂൻ- ജിഹൂൻ- ഈര നദികൾ കിഴക്കെ മലപ്രദെശത്തിൽനിന്നുത്ഭവിച്ചു വടക്കു പടിഞ്ഞാറൊട്ടൊഴുകി വെള്ളപ്പെരുക്കംകൊണ്ടു വനപ്രദെശത്തിൽ ചില അംശങ്ങളെ കൃഷിഭൂമിയാക്കി വടക്കെ അതിരിലെ അറാൽസരസ്സിൽ ചെന്നുകൊണ്ടിരിക്കുന്നു- ശെഷമുള്ള നദികൾ കിഴക്കെ അംശത്തിൽനിന്നും മറ്റൊന്നു പരൊപമിസ മലപ്രദെശത്തിൽ നിന്നും പുറപ്പെട്ടു വനങ്ങളുടെ പ്രവഹിച്ചു മരുപ്രദെശത്ത ലയിച്ചു കാണാതെ പൊകുന്നു—

തുറാനിലെ രാജ്യങ്ങളിൽ വിശിഷ്ടമായത് അതിന്റെ നടുവിൽ ഉള്ള ബുകാരരാജ്യം തന്നെ- അതിന്റെ അതിരുകൾ കിഴക്കെ കൊകാൻ മുതലായ മലപ്രദെശസ്ഥരാജ്യങ്ങൾ- തെക്കെ അഫ്ഗാനിസ്ഥാൻ- പടിഞ്ഞാറ കിവസംസ്ഥാനം- വടക്ക അറാൽസരസ്സും- നിബല്ഖ്രാജ്യവും- അതിന്റെ വിസ്താരം ഏകദെശം ൮൦൦൦ ചതുരശ്രയൊജന- എങ്കിലും അതിൽ മൂന്നാൽ ഒരംശം മാത്രം മനുഷ്യവാസമുള്ളതാകയാൽ നിവാസികളുടെ സംഖ്യ ൨൦ലക്ഷമെ ഉള്ളൂ- അവർ ഉസ്ബാവരും തുർക്കൊമാന്നുകളും- മുസല്മാൻ മതഭ്രാന്തന്മാരും ആകുന്നു- കിഴക്കെ അംശം മാത്രം കൃഷിഭൂമി ശെഷമുള്ളതൊക്കെ ഒട്ടകം മുതലായ മൃഗക്കൂട്ടങ്ങളെ മെയ്ക്കാൻ ഇങ്ങിടങ്ങിട സഞ്ചരിക്കുന്ന വനവാസികൾക്കു ഉചിതമാകുന്നു- പട്ടണങ്ങളിൽ പ്രധാനമായവ മരുഭൂമിയിൽ കിടക്കുന്ന ബുഖാരനഗരം ൧½ലക്ഷം നിവാസികൾ സറഫ്ഷാൻ പുഴവക്കത്തുള്ള സമർക്കന്ത് ൫൦൦൦൦ നിവാസികൾ- തെക്കെ അതിരിന്നു സമീപമായ ബല്ക്ക് നഗരം ൨൦൦൦ നിവാസികൾ മെൽപറഞ്ഞ പട്ടണങ്ങളിൽ അല്പാല്പം കച്ചവടം നടന്നുവരുന്നു— രാജാവിന്റെ വാസം ബുഖാരപട്ടണത്തിൽ തന്നെ ആകുന്നു—

ബുഖാരരാജ്യത്തിൽനിന്നു കിഴക്കൊട്ടു ബെലുർ- മുസ്താഗ്- മലപ്രദെശങ്ങളെല്ലാം പരന്നുകിടക്കുന്ന മലനാടുകളുടെ തെക്കെ അതിർ അഫ്ഗാനിസ്ഥാൻ- വടക്കെ കിബല്ഖ്- അതിൽ മുഖ്യമായ സംസ്ഥാനങ്ങൾ വടക്ക കൊകാൻ-

തെക്ക കുന്ദുഷ്ഷ് ഈ രണ്ടിന്റെ നടുവിൽ ശെസ്പൊസ്റ്റ- ഹിസ്സാർ- ദെർവ്വെസ് എന്ന
ന്നെല്ലൊള്ള ചെറിയ സംസ്ഥാനങ്ങൾ ഉണ്ടു- കൊകാൻ രാജ്യത്തിന്റെ വിസ്താ
രം ൩൦൦൦൦ ചതുരശ്രക്കൊശ്ശ നിവാസികളുടെ സംഖ്യ ൫ലക്ഷം- കുന്ദുഷ്ഷ് സംസ്ഥാ
നത്തിന്റെ വിസ്താരം ൩൨൦൦൦ ചതുരശ്രക്കൊശ്ശ നിവാസികൾ ൭ലക്ഷം- ശെഷിച്ച
സംസ്ഥാനങ്ങൾക്കു ഏകദെശം ൫൨൦൦ ചതുരശ്രക്കൊശ്ശ വിസ്താരവും ൩ലക്ഷം നിവാസി
കളും ഉണ്ടു- ഈ സംസ്ഥാനങ്ങൾ അഞ്ചിന്റെയും ഭൂസ്വഭാവം സകലത്തിലും ഒരുപൊ
ലതന്നെ- ഉയരം ഏറിയ പൎവ്വതശിഖരങ്ങളും- വിസ്താരം കുറഞ്ഞ താഴ്വരകളും- ചെ
റുനദീ ഇട്ടാൽ പ്രദെശങ്ങളും ഇരാജ്യങ്ങളിലും ഏകദെശം സമമായി കാണുന്നു- കൃ
ഷി കച്ചവടം മുതലായ വൃത്തികളിലും ഏകദെശം സമത്വം ഉണ്ടു- ജാതികൾക്കു വെ
വ്വെറെ പെരുകൾ ഉണ്ടെങ്കിലും മൂലഭാവം ഒന്നത്രെ- മാൎഗ്ഗവിശെഷങ്ങളിലും വിപരീ
തം ഇല്ലാ അവരെല്ലാവരും തുൎക്കരും മുസല്മാനരും ദുഷ്ടതയിൽ മികെച്ചവരും ആ
കുന്നു- മുഖ്യസ്ഥലങ്ങൾ വടക്ക കൊകാൻ- തക്ഷ്സ്ഥാൻ- തെക്ക കുന്ദുഷ്ഷ് ൫൦൦൦ നി
വാസികൾ- ഖുലം- ൫൦൦൦ നിവാസികൾ- ഹിസ്സാർ ൩൦൦൦൦ നിവാസികൾ- ഈ പറ
ഞ്ഞ പട്ടണങ്ങൾ അതാത രാജാക്കന്മാരുടെ വാസസ്ഥലങ്ങളും ആകുന്നു-

ബുഖാര രാജ്യത്തിന്റെ പടിഞ്ഞാറെ അതിരിൽനിന്നു കാസ്പ്യകടലൊളവും
തെക്ക പരപമിസമലകളിൽനിന്നു വടക്കൊട്ടു അരാൽ സരസ്സൊളവും പരന്നുകി
ടക്കുന്ന നാട്ടിന്നു ഖിവ സംസ്ഥാനം എന്നു പെർ- അതിന്റെ വിസ്താരം ഏകദെശം
൧൦൦൦ ചതുരശ്രക്കൊശ്ശ എങ്കിലും പടിഞ്ഞാറെ അംശങ്ങളുടെ ഒഴുകിവരുന്ന ജിഹ
ൻനദി ഇട്ടാൽ പ്രദെശവും തെക്കെ അതിരിലെ മുൎഗ്ഗാബ് നദിതീരവും മാത്രം മനു
ഷ്യവാസത്തിന്നു തക്കതാകകൊണ്ടു നിവാസികളുടെ സംഖ്യ ൮ലക്ഷമത്രെ- അവ
രെല്ലാവരും തുൎക്കൊമാനികളും മുസല്മാനരും ആകുന്നു- പുഴവക്കുകളിൽ കുടിയിരിക്കുന്ന
വരുടെ മുഖ്യപ്രവൃത്തി കൃഷിതന്നെ വനവാസികളൊ ഒട്ടകം മുതലായ മൃഗക്കൂട്ടങ്ങളെ
കൊണ്ടും തരം കാണുന്നെടത്തൊക്കയും കവൎച്ചയെ കൊണ്ടും ഉപജീവനം കഴിച്ചുവരുന്നു- പ
ട്ടണം എന്നു പറവാനുള്ള സ്ഥലങ്ങൾ രാജ്യത്തിൽ രണ്ടു മാത്രമെ ഉള്ളു- അതിൽ ഏകദെ
ശം ൩൦൦൦ വീടുകളും തമ്പുകളും ഉണ്ടു- ഖിവ- ഉൎഗ്ഗെഞ്ച് എന്നു മുഖ്യസ്ഥലങ്ങൾ ജിഹ
ൻനദി സമീപത്തും- മെൎവ്വ- മൎഗ്ഗാബ് പുഴവക്കത്തും ആകുന്നു-

൨. ഈറാൻ

മെൽവിവരിച്ച ഈറാൻദെശത്തിൽനിന്നും കസ്പിയകടലിന്റെ തെക്കെതീരത്ത
ന്നിന്നും അസ്സീറ മലപ്രദെശത്തിന്നും തെക്കൊട്ടു ഹിന്തുസമുദ്രം പാരസ്യകടൽ എന്നിവ
റ്റൊളവും കിഴക്ക പഞ്ചനദ സൈന്ധവരാജ്യങ്ങളിൽനിന്ന പടിഞ്ഞാറൊട്ടു അസ്സീ
റ മലപ്രദെശപൎയ്യന്തവും വിസ്തീൎണ്ണമായി കിടക്കുന്ന ദെശത്തിന്നു ഈറാൻ എന്ന പെ
ർ- അതിന്റെ ചുറ്റിലും പല തടമലകളും ശാഖാഗിരികളാകും തിരിസഞ്ചയ
ങ്ങളുള്ളതും നീളെ പരന്നിരിക്കുന്ന വലയമലകളുടെ അവസ്ഥ മുമ്പെ പറഞ്ഞ
തിനാൽ ഈ ദെശത്തിന്റെ ഉൾഭൂമിയെ തൊട്ടു ഇനി വല്ലതെറെ വിസ്തരിപ്പാനില്ല- അ
തിന്റെ വടക്കെ അതിരിലെ കസ്പിയകടലല്ലാതെ പടിഞ്ഞാറെ മലപ്രദെശത്ത
ഉൎമ്മിയസരസ്സും കിഴക്കെ അംശത്തിൽ സറെഹ സരസ്ഥലവും കിടക്കുന്നു- വലി
യനദികൾ ഈ രാജ്യത്തിൽ വിശെഷിച്ചു കാണ്മാനില്ല- മുഖ്യമായവ സിസ്തന
ദിക്കിൽ ചെരുന്ന കബുൽ പുഴയും പല ഉപനദികളെ കൈക്കൊണ്ടു സരെഹ
സരസ്സിൽ കൂടിവരുന്ന ഹില്മെന്ത നദിയും പടിഞ്ഞാറെ മലകളിൽനിന്ന തെ
ക്കൊട്ടൊഴുകി പ്രാന്തനദികളൊടു ചെൎന്നുവരുന്ന കെൎഖാ- കാറുൻ ആദികളും
അത്രെ- ദെശത്തിന്റെ മദ്ധ്യാംശം മിക്കതും ഉയൎന്ന വനപ്രദെശം തന്നെ ആകുന്നു-
ഈറാനിൽ അഫ്ഘാനിസ്ഥാൻ- ബെലുചിസ്ഥാൻ- പാൎസി എന്നി മൂന്നു രാജ്യ
ങ്ങളെ ഉള്ളൂ—

F Muller Editor

പശ്ചിമോദയം

൧൧. നമ്പ്ര — തലശ്ശെരി — ൧൮൫൦. നവമ്പ്ര

കെരളപഴമ

൯൦. കൊല്ലക്കോട്ടയുടെ നടപ്പു

കൊല്ലക്കൊട്ടയെ പിടിപ്പാൻ മുമ്പിനാൽ ചൊന്നുപായം ലഭിച്ചില്ല ഉലക്കപ്പെട്ടതന്നെ- അവർ കൊട്ടയുടെ ചുറ്റും നില്ക്കുന്ന തെങ്ങുകളെ പറിക്കയും മുറിക്കുന്നതു കണ്ടു കലശൽ തുടങ്ങിയ ഉടനെ ൨൦൦൦ നായന്മാരും കൂടി അടുത്തു വന്നപ്പൊൾ കൊട്ടയുടെ പുറത്തു പാൎക്കുന്ന നസ്രാണികൾ കഞ്ഞികുട്ടികളുമായി കൊട്ടയിൽ പാഞ്ഞു കയറുമ്പൊൾ പറങ്കികൾ വഴിയെ തൊക്കുകളാൽ ഉണ്ടമാരി പെയ്തു ശത്രുക്കളെ ഒട്ടെത്താമസിപ്പിച്ചു ശെഷം ക്രിസ്ത്യാനർ എല്ലാം അകത്തു വന്നതിൽ പിന്നെ നായന്മാർ അവരുടെ പുരകളിൽ കാവൽനിന്നു കൊടുത്തതല്ലാതെ കണ്ട ക്രിസ്ത്യാനികളെയും കൊട്ടപ്പുറത്തു മുമ്പെ എടുത്ത പൊന്നപ്പനാഴികപ്പാരവ ഉൎമ്മയായൊ വരെകും നിരൊധിക്കയും ചെയ്തു— അന്നുമുതൽ ഒരൊരൊ തകൎച്ചയും ഉണ്ടാക്കി— മാപ്പിള്ളമാർ പടകുകളിൽ കൊണ്ടുവന്ന തൊക്കുകളാൽ ചെതം അധികം വന്നില്ലതാനും— പിന്നെ ഒരിക്കൽ രാത്രികാലത്തിങ്കൽ അറയിൽ വിഷം ഇട്ടു പറങ്കികളെ ഒക്കെ കൊല്ലുവാൻ വിചാരിച്ചാറെ വെളുക്കുമ്പൊൾ പിന്നെയും മനുഷ്യം എല്ലാം ചത്തിരുന്നത് കാണാഞ്ഞതിനാൽ ആ വെള്ളം കുടിപ്പാൻ സംശയം ഇല്ല— എങ്കിലും കൊട്ടയിൽ ഉള്ള നല്ല വെള്ളക്കാരിൽ വ്യാധികൾ വൎദ്ധിച്ചു അരിയല്ലാതെ തിന്മാൻ ഒന്നും ഇല്ലായ്കയാൽ വിലപ്പൊൾ എലികളെ പിടിച്ചു കഞ്ഞിമാംസം രുചിയെ വരുത്തി ഇരിക്കുന്നു— അത്ര കൊണ്ടു ക്ലെശിച്ചു പൊരുന്ന സമയത്തിങ്കൽ ഒരു ചെട്ടി പറങ്കികളൊടു മമത വിചാരിച്ചു കൊച്ചിക്ക പൊയി വൎത്തമാനം എല്ലാം അറിയിച്ചാറെ അവിടെനിന്നു ഒരു വെള്ളർ മഴക്കാലത്തിൽ എങ്കിലും ഒരു പടകും അതിൽ കരെറിയ വീരരെയും അയച്ചു അപ്പം മരുന്നു മുതലായതിനെയും മറു മക്കാനെയും കൊള്ളിച്ചു കൊല്ലത്തെക്ക അയച്ചു— ആയതിന്റ വെനലത്തിൽ എത്തിയപ്പൊൾ കൊട്ടയിൽ വളരെ സന്തൊഷം ഉണ്ടായി പടകും ഒരന്നു

ളും മുറിപ്പെടാതെ മടങ്ങിപ്പോകയും ചെയ്തു — അന്നു മുതൽ പടെക്കു ഞെരുക്കം ഉണ്ടായില്ല — മാൎത്താണ്ഡതിരുവടിക്കു ഒരൊരൊ തൊല്വി സംഭവിച്ചു കോട്ടയിൽനിന്നു പുറപ്പെടുന്നതൊറും തങ്ങൾക്കു ഉത്സാഹം സംഗതിവന്നു — അതു മലയാളികൾക്കു എത്രയും സങ്കടമുള്ള ശിക്ഷയായി ചമഞ്ഞു — അതുകൊണ്ടു ആഗൊസ്ത മാസത്തിൽ റാണിമാർ ഇരുവരും ദുഃഖത്തോടെ വിചാരിപ്പാൻ തുടങ്ങി കൊല്ലത്തറാണി കൊച്ചിയിൽ വാഴുന്ന മെസ്സാന്നസ്സ സായ്പിന്നു ഒരു പത്രിക എഴുതി ക്ഷമ മെ ചോദിച്ചപ്പോൾ അവൻ ചെറിയമരക്കാരെയും പാണ്ടിമരക്കാരെയും നിയോഗിച്ചു സന്ധി വരുത്തുവാൻ കല്പിച്ചു — ആഗന്താ എട്ടാം തിയ്യതി കുമാരി രാജ്ഞിയും കൊല്ലക്കോട്ടക്കാരും തമ്മിൽ ഉടമ്പടിച്ചു — അതെങ്ങിനെ എന്നാൽ കൊച്ചിക്കാരിൽ ഒന്നവരെ ഒടെ പ്രസിദ്ധിയുള്ളോരു ശ്രീനന്ദവർമ്മ തന്നെ — ആയവർ റാണിയുടെ കല്പനയാലെ റൊഡിഗസ്സിൽ കാൽ പിടിച്ചു അഭയം ചോദിച്ചു കൊല്ലത്തു റാണിക്കെങ്ങിനെ നടത്തുവാൻ ഒാട്ടിട്ടുള്ളു ഇനിക്കു ഉത്തരം സങ്കടം തന്നെ ഇനി കൊറച്ചു തലായതു വേണം എങ്കിൽ ഞാൻ ഉടനെ അവരാം സകലവും നിങ്ങളുടെ ഇഷ്ടം പോലെ എന്നു അറിയിച്ചപ്പോൾ ഞാൻ വിളമ്പിൽ ഒരു പ്രധാനിയെ കണ്ടല്ലാതെ പ്രമാണിക്കയില്ല എന്നു കല്പിത്താൻ ഉത്തരം പറഞ്ഞു അതുകൊണ്ടു പിറെറദിവസം രാത്രിയിൽ ചാണൈപ്പിള്ള കോട്ടയിൽ വന്നു വളരെ കൊറച്ചും കാഴ്ചയും കൊണ്ടെക്കൊടുത്തു തങ്ങൾക്കു നിങ്ങളുടെ വാക്കു തന്നെ പ്രമാണം കൊല്ലത്തു രാജ്ഞിയെ നിങ്ങളുടെ ഭേദിച്ചിരിപ്പു വരുത്തുവാൻ കൊച്ചിക്ക എഴുതി അയച്ചിരിക്കുന്നു — അവളെ വിചാരിക്കുന്നത് എന്തെന്നാൽ നിങ്ങൾ നെല്ലൊരെ മുഖം നോക്കി പറഞ്ഞതാറെ റൊഡിഗസ്സ അവന്മാരെ സന്ധിച്ചു കുമാരി റാണിയുടെ അടിമകളായവട ഞങ്ങൾ എല്ലാം യാത്രയാക്കയും ചെയ്തു — ശേഷം റാണിയുടെ കല്പനയാലെ അവിടത്തെ മുക്കുവർ പുലച്ചെറുമീൻ പിടിച്ചു സമ്മാനമാക്കി കോട്ടെക്കു കൊണ്ടുപോകയും ചെയ്തു — ആയതു എല്ലാം കണ്ടു വിചാരിച്ചു കൊല്ലത്തുറാണിയും പാളയത്തെ പിൻവാങ്ങിച്ചു പടയെ എല്ലാം നിറുത്തുകയും ചെയ്തു —

ന്യായപടത്തിന്റെ വിധം —

കൊച്ചിഗൊവൎണ്ണരുടെ കല്പനയാലെ ചൊനകമരക്കാൎക്കു ഇനിവരും പെരെറ
എന്ന മന്ത്രിയൊട്ടു കൂടവന്നപ്പൊൾ ഒരൊ ഉദ്യൊഗസ്ഥവുള്ളരെ വിചാരിച്ചു ഈ ചൊന
കരൊട്ടു നമുക്കു കുറിപ്പുകൾ ഉണ്ടല്ലൊ അവരെ മന്ത്രികളെ പൊലെ നിരപ്പു വരു
ത്തുവാൻ തക്കതാമൊ എന്നു സംശയം പറഞ്ഞു - പിന്നെ യുദ്ധസമാപ്പണ
ത്തിന്നു ഈ ന്യായം എല്ലാം തന്നെ വെണം എന്നു കല്പിച്ചു - ൭., കൊല്ലം തൊറും
വെക്കുന്ന മുളകു കല്പാതെ ഉരുക്കത്തിൽ കുറവെടി കണ്ട ൧൫൦ ഭാരം കൂടെ റാണി
യവർകൾ ഞങ്ങൊട്ടു തരെണം - ൮., പറങ്കികളിൽ നിന്നും നസ്രാണികളിൽ നി
ന്നും കാവന്നിട്ടുള്ളത എല്ലാം മടക്കിത്തന്നു കൊട്ടയുടെ മതിൽ ഇടിപ്പിത്തന്നാ
ക്കണം - ൯., തൊമാപ്പള്ളിയുടെ വരവ് എല്ലാം ചൊനകരുടെ കുതബിയാൎക്കു ഉ
ട്ടതിരിക്കക്കൊണ്ടു മാപ്പിളപ്പള്ളിയുടെ വകയും മുതലും എല്ലാം ചന്ദ്രമിത്രൎക്കുള്ള
ളവും തൊമാപ്പള്ളിക്കാം എഴുതികൊടുക്കെണം - കൊച്ചി കണ്ണനൂർ മുതലായിടങ്ങ
ളിൽ നിന്നു വന്ന പടെക്കു സാഹിച്ച ചൊനകരെ ഇനിമെൽ കൊട്ടയി
ൽ ചെൎത്തുകൊള്ളരുത് - ൧൦., ചൊലങ്ങികളെ കൂട്ടും അവരെ നിന്നുടെ കല്പിച്ചിരിക്കുന്നതും
ഒന്നാം വിചാരിച്ചതാകകൊണ്ടു കൊട്ടയുടെ ഒരു കാതം അകലെ പാൎക്ക
ട്ടെ അവരും - അവരെ ഒരു ശരണം കൊട്ടയുടെ അരികിൽ കാണാ
ന്നിരിക്കിൽ ഞങ്ങൾ എങ്കിലും കൊന്നാൽ ദൊഷമാക്കിരിക്കയില്ല - ൧൧., ഒന്നാം
ന്റെ പക്കീഹാരമാകിയ നൊമ്മിമാൎക്കു ഇനിവരും ൧൦൦ ഭാരം മുളകു വെക്കുന്നതല്ലാ
തെ ആണ്ടു തൊറും ൧൫൦൦ ഭാരം മുളകു കൊച്ചിയിലെക്ക തരെണം - ൧൨., പൊലി
വസമ്മതിയാഞ്ഞാൽ കൊല്ലരാജ്യത്തിൽ കപ്പലും പടകും എല്ലാം പിടിച്ചുകൊള്ളെ
ണം - ഇവയ്ക്കു എല്ലാം പെരെറ റാണിയൊടു സംഭാഷിച്ചു കൊണ്ടാറെ മരക്കാ
ൎക്കു ഇനിവരും വിഷ്ണും വരുത്തി സമ്മതിക്കരുത് എന്നു പൊലിച്ചിച്ചു - അ
തുകൊണ്ടു വളരെ താമസം വന്നതല്ലാതെ മരക്കാരെ ഉടു കൊച്ചിച്ചു കൊച്ചി
ക്കു പൊവാൻ കല്പിച്ചു ഒടുക്കം സമ്പ്രതിയണ്ണൻ ആരും ഒപ്പിടാതെ കണ്ടു രണ്ടു
പക്ഷക്കാരും വാങ്ങിനിന്നു - സ്നെഹവും ദ്വെഷവും ഇല്ലാതെ സാധാരണമായ്പാൎക്ക
യും ചെയ്തു - എങ്കിലും രണ്ടാമതിലും അഞ്ചാമതിലും നിശ്ചയിച്ചത് എല്ലാം രാജ
മാർ നിശ്ചയിച്ചു പറഞ്ഞ ഭയപ്പെട്ടു തങ്ങളാൽ ആകും വണ്ണം ഒപ്പിച്ചു കൊടുത്തിരിക്കുന്നു

ഭൂമിശാസ്ത്രം

പടിഞ്ഞാറെ ആസ്യ.

൧. ഇറാൻ.

൧. അഫ്ഗാനിസ്ഥാൻ—

അത് ഇറാന്റെ കിഴക്കെ അംശത്തിന്റെ വടക്കെ പാതിയായും ഏകദേശം ചതുരക്കോണ രൂപം ധരിച്ചു ൪൦൦൦൦ ചതുരശ്രയോജന വിസ്താരമായും ൩൦ ലക്ഷം മുസല്മാനരായ നിവാസികൾക്കു വാസസ്ഥലമായും ഇരിക്കുന്നു— വടക്കെയും പടിഞ്ഞാറെയും അതിരുകളിൽ മലനാടുകൾ തന്നെ പ്രധാനം സുലൈമാനാദി മലകൾ വരഞ്ഞു ൧൦-൧൧൦൦൦ കാലടിയോളം പൊങ്ങും. പടിഞ്ഞാറെ അംശത്തിൽ ഇറാന്റെ വനപ്രദേശം തുടൎന്നു വ്യാപിച്ചിരിക്കുന്നു— മേൽപറഞ്ഞ ഹെല്മന്ത് കാബുൽനദികൾ അല്ലാതെ പല ചെറുപുഴകൾ ഒരൊ മലകളിൽനിന്നു ഉത്ഭവിച്ചു വിസ്താരം കുറഞ്ഞിട്ടാൽ പ്രദേശങ്ങളുടെ പ്രവഹിച്ചു മേൽപറഞ്ഞ വഴിയ നദികളൊടു ചെൎന്നുകൊണ്ടിരിക്കുന്നു— ഭൂതഭേദങ്ങളും ഒരൊ ഖണ്ഡത്തിൽ ഉള്ള വഴിയിന്നും ഏകദേശം സമമാകകൊണ്ടു ഒരൊ വിധ പലധാന്യാദികൾ ആ രാജ്യത്ത് അധികമുണ്ടല്ലൊ— അഫ്ഗാനരെല്ലാവരും യുദ്ധപ്രിയന്മാരാകയാൽ രാജ്യത്തിൽ സന്ധിയും സൗഖ്യവും ദുൎല്ലഭം തന്നെ. ഇപ്പൊഴത്തെ രാജസ്വരൂപം വാഴ്ചയെ മത്സരം മൂത്തലായ അതിക്രമങ്ങളാൽ അത്രെ പ്രാപിച്ചത്— രാജാവായ ദൊസ്തമുഹമ്മദും വംശക്കാരും അതിലുള്ളവരാകകൊണ്ടും മുമ്പെ അവർ വാഴ്ചയെ യഥാസ്ഥാനമാക്കേണ്ടതിന്നു ഇങ്ക്ലിഷ്കാർ യുദ്ധം ചെയ്തു ജയിച്ചു അല്പകാലം കഴിഞ്ഞാറെ രാജ്യത്തിൽ ഒക്കെയും കലഹങ്ങൾ ഉണ്ടായിട്ടു തൊല്ക്കയാൽ ക്രുദ്ധിച്ചു യുദ്ധം സമൎപ്പിക്കുമ്പൊൾ പ്രതിക്രിയ വേണം എന്നു നിശ്ചയിച്ചു പല കൊട്ടകളെ തകൎത്തു അനേകം നാശം വരുത്തുകകൊണ്ടും രാജ്യത്തിന്നു വാഴ്ചയും ദാരിദ്ര്യവും നന്നാവറ്റിയിരിക്കുന്നു— ഉൾഛിദ്രത്തിന്നു പൊയതും ഇല്ല— ശുഭനാടുകൾ പലയിടത്തിലും കാടായി നിന്നു— വിശിഷ്ടനഗരങ്ങൾ കാബുൽ രാജധാനി ൬൦൦൦൦ നിവാസികൾ ഏകദേശം രാജ്യത്തിന്റെ നടുവിൽ ഉള്ള കന്ദഹാർ ൧ ലക്ഷം നിവാസികൾ പടിഞ്ഞാറെ അതിരിൽ സമീപത്തുള്ള ഹിറാത്ത് നഗരത്തിൽ ഒരു ചെറു രാജാവിന്റെ

വാസം- പണ്ടകൊട്ടകളിൽ ഉറപ്പാക്കിയെത് കാബൂലിൽനിന്നു ഒകാദെശം ൧൫ കാതം
വഴിതെക്കൊട്ടുള്ള ഘസ്നി തന്നെ- ഇങ്ക്ലിഷ്ക്കാർ അതിനെയും ജലലാബാദ്ദ്കൊ
ട്ടയെയും ഹെറാത്തി- അ- മുറ്റും തക്കത്തുകളഞ്ഞതിന്റെശെഷം അപ്ഘാനർ
അത്തിനെയും ഉറപ്പിച്ചുവൊ എന്നറിയുന്നില്ല- മെൽപറഞ്ഞ യുദ്ധകലഹങ്ങ
ളാൽ രാജ്യത്തിൽ കാണുപൊടത്തിന്നു വൎദ്ധനയല്ല വാൎദ്ധക്യം അത്രെ സംഭവിച്ചത്-

൨. ബെലുചിസ്ഥാൻ-

ബെലുചിസ്ഥാൻ രാജ്യം ഇറാനിലെ കിഴക്കെ അംശത്തിന്റെ തെക്കെ പാതി
യാകുന്നു- അതിന്റെ അതിരുകൾ കിഴക്കു സൈന്ധവം- തെക്കു ഹിന്തുസമുദ്രം-
പടിഞ്ഞാറു പാൎസിരാജ്യം- വടക്കു അപ്ഘാനിസ്ഥാൻ തന്നെ- വിസ്താരം ഒകാ
ദെശം ൩൨൦൦ ചതുരശ്രയൊജന- നിവാസികൾ ൫ ലക്ഷം- ദെശം ആകൃതിയും
ഉൽഭെദവും കൊണ്ടു അപ്ഘാനിസ്ഥാൻ രാജ്യത്തൊടു ഒത്തുവരുന്നു- ഫല
വൃക്ഷധാന്യാദികളുടെ കൊണ്ടും ഭെദമില്ല നിവാസികൾ പല ഗൊത്രക്കാരും ഭാഷ
ക്കാരുമായി പിരിഞ്ഞിരിക്കുന്നു- എങ്കിലും മാൎഗ്ഗവിശെഷങ്ങളിൽ അവൎക്കൈ
ക്യം ഉണ്ടു- അവർ എല്ലാവരും മുസല്മാനർ തന്നെ- രാജ്യം പല അംശങ്ങളായി
പല പ്രഭുക്കളുടെ സ്വാധീനത്തിൽ ഇരിക്കുന്നു- അവരിൽ പ്രാഭവം ഏറിയവൻ
ഖെലാത്ത് ഖാൻ തന്നെ- അവനും ശെഷമുള്ള പ്രഭുക്കളും ഇങ്ക്ലിഷ്ക്കാൎക്ക് സ്വാ
ധീനന്മാർ എന്നെ പറയാവു- നിവാസികൾ മിക്കവാറും ആടുമാടുകളെ മെച്ചു
കവൎച്ചയെ നടത്തിവരുന്ന ക്രൂരരാക കൊണ്ടു ആ രാജ്യത്തിൻ അവസ്ഥയെ സൂക്ഷ്മമായി
വിസ്തരിപ്പാൻ ഇതുവരെയും സംഗതിവന്നില്ല- പട്ടണങ്ങൾ ദുൎല്ലഭമത്രെ- പ്രധാന
മായത് ഖെലാത്ത് തന്നെ- ശൈത്യം നിമിത്തം രാജാവ് ചിലപ്പൊൾ അതിനെ
വിട്ടു കിഴക്കെ അതിർ സമീപമുള്ള ഗന്ധവാ എന്നതിൽ വസിച്ചുവരുവാറുണ്ടു-

൩. പാൎസിരാജ്യം

അത് ഇറാൻ ദെശത്തിന്റെ പടിഞ്ഞാറെ അംശം തന്നെ- അതിരുകൾ കിഴ
ക്കു മെൽവിവരിച്ച അപ്ഘാനിസ്ഥാനും ബെലുചിസ്ഥാനും- തെക്കു പാൎസി ഉൾ
ക്കടലും- ഫ്രാത്ത് തിഗ്രിസ്സ് ഇടയാൽ പ്രദെശങ്ങളും- പടിഞ്ഞാറു അൎമ്മിന്യമലപ്രദെശം-
വടക്കു കൊകാസ്യനാടും- കസ്പ്യ ഉൾക്കടലും തുറാൻ ദെശവും തന്നെ- വിസ്താരം

൧൮൦൦൦൦ ചതുരശ്രയോജന നിവാസിസംഖ്യ ഏകദേശം ഒന്നര കോടിയിൽ
പരം ൫൦ ലക്ഷം - ദേശാകൃതിവിശേഷങ്ങളെ മിക്കതും മുമ്പെ വിവരിച്ചുവല്ലൊ
തെക്ക - പടിഞ്ഞാറ വടക്ക ഈ മൂന്നു ദിക്കുകളിൽ മലപ്രദേശങ്ങൾ ശേഷമുള്ളതൊ
ക്കയും വനം തന്നെ - ശീതോഷ്ണങ്ങൾ ഈ രാജ്യത്തിൽ അത്യന്തം ഭേദിച്ചുകാണുന്നു - മ
ലപ്രദേശങ്ങളിൽ യുരോപയിലുള്ളതു പോലെ ശീതോഷ്ണങ്ങൾ കാലത്തിനു ഒക്കുന്ന
തുകൊണ്ടു മനുഷ്യവാസത്തിന്നും പല കൃഷിക്കും ആ ഭൂമി ഉചിതം തന്നെ - വ
നപ്രദേശമൊ അത്യുഷ്ണമുള്ളതാകകൊണ്ടു സമം - നിവാസികൾ മിക്കവാറും മുസല്മാനരാ
കുന്നു - പടിഞ്ഞാറെ അംശത്തിൽ മാത്രം നെസ്തൊറിയക്രിസ്ത്യാനർ വസിക്കുന്നു
പല പട്ടണങ്ങളിൽ യഹൂദവംശക്കാരും അഗ്നിസേവികളുടെ ശിഷ്ട - സഭയെ സഹിച്ചു
പാർപ്പും വ്യാപാരം ചെയ്തുവരുന്നു -

രാജാവ് നെരും ന്യായവും നടത്തുന്നതുകൂട്ട വാഴികളെക്കൊണ്ടു ആ രാജ്യം ൧൨
പ്രവിശ്യയാക്കി ൧൨ നാട്ടുവാഴികളുടെ കീഴിൽ ഇരിക്കുന്നു - പടിഞ്ഞാറെ പ്ര
വിശ്യകൾ അസ്സർബൈജാൻ കുർദിസ്ഥാൻ - ലുരിസ്ഥാൻ - വടക്കുള്ള ഗിലാൻ -
മസെന്ദ്രാൻ - തബരിസ്ഥാൻ - കിഴക്കുള്ള ഖൊറസ്സാൻ - കഹിസ്ഥാൻ - തെക്കു
ള്ള കെർമ്മാൻ ഫാർസിസ്ഥാൻ - നടുപ്രവിശ്യ ഇറാക്ക - ആ ൧൨ നാട്ടുവാഴികൾ
പണ്ടെപ്പൊഴും കലഹിച്ചു രാജാധികാരത്തെ നിരസിക്കകൊണ്ടു രാജ്യത്തിൽ ന
ടന്നുവരുന്ന ക്രമകേടിന്നു ഒരു തീർച്ച ഇല്ല - രാജാവിന്നു ആന്ത്യർ - ഇങ്ക്ലിഷ്ക്കാ
ർ എന്നിവരുടെ സമ്മതം കൂടാതെ പുറനാട്ടിൽ ഒന്നും ചെയ്വാൻ പാടില്ലായ്കയാൽ
അവനിൽ മാനശങ്കകൾ കെട്ടുപൊയി എന്നെ പറയാവു ഓരോ ധാക്കന്മാരുടെ
സംഖ്യ ൨ ലക്ഷത്തോളം എങ്കിലും അതതു പ്രവിശ്യയിൽ അന്നന്നു ഉത്ഭവിച്ചു
വരുന്ന മത്സരങ്ങൾ പൊലക്കളെ കെട്ടുത്തുകളവാൻ മാത്രമെ മതിയാകുന്നുള്ളു -
രാജ്യത്തിലെ കച്ചവടം മിക്കവാറും മേൽ പറഞ്ഞ രണ്ടു ജാതിക്കാരുടെ കൈവശ
ത്തിൽ ഇരിക്കുന്നു - കൈത്തൊഴിലുകളിലും വിശേഷിച്ചു ഒരു വാട്ടമുള്ള പ്ര
കാരം കാണുന്നില്ല പാർസികളുടെ വിദ്യകൾ ഉള്ളതും കുറാനിൽ അടങ്ങിയിരി
ക്കുന്നു —

F. Muller Editor,,

പശ്ചിമൊദയം

കെരളപഴമ

സിക്കെരയുടെ വാഴ്ച

സിക്കെര ചെങ്കടലിലും മറ്റും പടകൂടിയതിനാൽ ഫലം ഒന്നും വന്നില്ല (൧൫൨൦) കൃ
ഷ്ണരായർ ആ കാലത്തു ആദിൽഖാനൊടു പൊരുതു രാചൂർ മുതലായ പട്ട
ണങ്ങളെ പിടിച്ചപ്പൊൾ കുതിരക്കച്ചവടത്തെ നന്ന വർദ്ധിപ്പിക്കെണ്ടതിന്നു ദെശ
ങ്ങളെ ഗൊവയിലുള്ള പറങ്കികൾക്കു സമ്മാനം കൊടുത്തു- സിക്കെര താൻ ഗുജരാത്തിൽ
ദിയുകൊട്ടയെ പിടിപ്പാൻ പുറപ്പെട്ടു ആവതൊന്നും കണ്ടതും ഇല്ല- അവൻ കാര്യസി
ദ്ധിവരുത്തുവാൻ സാമർത്ഥ്യം പൊരാത്തവൻ എങ്കിലും സാധുക്കളൊടു കൂട അഹങ്കരി
ക്കയിൽ ഒരു കുറവുണ്ടായില്ല- അതിന്റെ ദൃഷ്ടാന്തം പറയാം കൊഴിക്കൊട്ടതാ
മൂതിരിയൊടു സന്ധിയുണ്ടെങ്കിലും വെടിമ്പടപ്പു അടങ്ങാതെ പുരാണപരിഭവം തീർ
പ്പാൻ ഭാവിച്ചു നമ്മുടെ സ്വരൂപക്കാർ ഞങ്ങൾ ഇവരും കടവിൽ പൊരുതു മരിക്കയാൽ
നെടിയിരിപ്പു രാജപുത്രർ മരിച്ചെ മതിയാവു കൊച്ചി നാശം പൊലെ കൊഴിക്കൊ
ട്ടിലും നടത്തി കുന്നലകൊനാതിരിയുടെ പിറവിൽ കുളിക്കയും വെണം എന്നി
ങ്ങിനെ രാജധർമ്മം അറിയിച്ചു ൧൦൦൦൦ നായരുമായി പട തുടങ്ങിയാറെ താമൂതി
രി ലക്ഷത്തൊടും കൂടെ ചെന്നു തടുത്തു- വെള്ളക്കാരുടെ സഹായം വെണം എ
ന്നപെക്ഷിച്ചാറെ സിക്കെര നിർണ്ണയം വിചാരിയാതെ ഗവർണർ [illegible]
[illegible] നിയൊഗിച്ചു അവരാൽ കൊച്ചിരാജാവിന്നു ഒരൊലയും അ
വരികയും ചെയ്തു- പിന്നെ ബ്രാഹ്മണർ നിരസപ്പെട്ടു ഈ പറങ്കികൾ ഉള്ളെടം
ദെവരുടെ കടാക്ഷം ഇല്ല എന്നു പറഞ്ഞു നിർബന്ധിച്ചാറെ താമൂതിരി വഴിപ്പെട്ടാ
തെ വെടിമ്പടപ്പിൽ നിന്നു ചെകവരെ വാങ്ങിച്ചു കൊച്ചിക്കൊളം തള്ളിക്കളകയും ചെ
യ്തു-

ഇങ്ങിനെ കരമെൽ അതിക്രമിച്ചതല്ലാതെ പറങ്കികൾ കടൽവഴിയായി കാ
ണിച്ച സാഹസം എങ്ങിനെ പറവതു- പടതിന്നശെഷം പറങ്കികൾ കട്ടിലുകളി

ൽമാത്രം യുദ്ധം വെച്ചില്ല — ചൊനകരുടെ പടയിൽ ഒരു യുദ്ധം കഴിഞ്ഞാൽ ഉടനെ
നപടക്കം ചരക്കം പിടിച്ചുപറിക്കുന്നുണ്ടു — പൊൎത്തുഗാൽ ചില സ്ഥാനങ്ങളിൽ നിന്നു
പ്പിട്ടു എഴുത്തുംകള്ളൊ കപ്പക്കാൎക്കും വെണം — അതു കണ്ടാറെയും ഇഷ്ടം പൊലെ ചു
ങ്കവും കപ്പവും സമ്മാനവും മെടിക്കും മനസ്സൊടെ കൊടുക്കാഞ്ഞാൽ ഹിംസിച്ചു ഉ
ടുക്കയും ചെയ്യും — അതിനാൽ കണ്ണനൂരിൽ പ്രത്യെകം വളരെ അസഹ്യം തൊന്നി —
കൊലത്തിരി ഈ സംഗതിക്കായി മാനുവെൽ രാജാവിന്നു എഴുതി അയച്ചു ഞ
ങ്ങൾ പിതാക്കന്മാർ പൊലെ ഉണ്ടു — ചെന്തിയെരിക്കുറുപ്പു വളരെ സങ്കടപ്പെട്ടാറെ
ഗസ്പാർ കപ്പിത്താൻ ശംസട്ടിൻ എന്നൊരു അപ്രമാണിയെ ശിക്ഷിക്കാതിരിക്ക
ക്കും ചെയ്തു — അതാർ എന്നാൽ മുമ്പെ കബായനവാബൊയ അസ്സെദഖാൻ എ
ന്നവന്റെ പണ്ടാരക്കാരൻ തന്നെ — അവൻ മതിച്ചാറെ പറങ്കികൾ കൌ
ശലം പ്രയൊഗിച്ചു പണ്ടാരത്തിൽ ചെലം എല്ലാം കൈക്കലാക്കുവാൻ നൊക്കി
യാറെ ശംസട്ടിൻ ഒന്നും വെക്കാതെ പറങ്കികപ്പിത്താനിൽ എല്പിച്ചു താൻ
കണ്ണനൂരിൽ മണ്ടിപ്പൊകയും ചെയ്തു — അവിടെ ശീൎസ്ഥാനം വന്നപ്പൊൾ ഞെ
റവിയ്യമിപാസിമ്മുതലായ അഴിമുഖങ്ങളിൽ നിന്നു കണ്ണനൂൎക്കാൎക്കു പൊൎത്തുഗാ
ൽ മമത നിമിത്തം വളരെ വിരൊധവും ഞെരിക്കവും ഉണ്ടാകിന്നതു കൊ
ണ്ടു ദ്രൊഹിക്കാതെ അടുക്കെ ദെശങ്ങളൊടു മെപ്പടക്കുകയും പറങ്കി
കപ്പൽ അതിൽ ചിലതു പിടിച്ചു ശംസട്ടിന്റെ ഒപ്പും എഴുത്തും കണ്ടാറെയും പ
രിഹസിച്ചു ഗൊവെക്ക കൊണ്ടുപൊയി — അതു കൊണ്ടു അവൻ മാനുവെൽ
രാജാവിന്നു എഴുതി — ഈ നാട്ടിൽ ഞങ്ങളുടെ നാട്ടു നമ്മുടെ സൌഖ്യം നിങ്ങൾക്കും
സൌഖ്യം തന്നെ എങ്കിലും നമ്മുടെ ആളുകൾ പൊൎത്തുഗാൽ ജനങ്ങളുടെ അതിക്ര
മങ്ങളിൽ നിന്നു രക്ഷിപ്പാൻ കഴികയില്ല എന്നു തൊന്നുന്നു നമ്മുടെ ശത്രുക്കൾ എ
ല്ലാം ചിരിച്ചു ഞങ്ങളിൽ ഇതു മാനുവെൽ സ്നെഹത്തിന്റെ ഫലം കാണ്മൊ
വാ എന്നു നാണം കെടുത്തു പറയുന്നു — ഞങ്ങളുടെ മറുപടി വരും വരെ ഞാ
ൻ മിണ്ടാതെ ഇരിക്കും — നമ്മെ വരിപാലിക്കുന്നില്ല എങ്കിൽ സമാധാനം രക്ഷി
ച്ചു കൂടാ കലഹത്തിന്നു മുതിൎന്നു പൊകുന്നവർ അനെകർ ഉണ്ടു — എന്നിങ്ങി
നെ എല്ലാം സങ്കടം ബൊധിപ്പിച്ചപ്പൊൾ മാനുവെൽ രാജാവ വളരെ ക്രു

/

മിച്ചുസിക്കൊരക്കൊറിസ്സാരന്മാൎക്കു ദുവാൎത്ത മെനെസസ് എന്നൊരു ശാന്തനെ
വിസൊരെയെന്നു കല്പിച്ചു കൊടുക്കയും ചെയ്തു — ൧൫൨൧

൧൫൨൧ മാനുവെൽ രാജാവിന്റെ മരണം

അനന്തരം മാനുവെൽ രാജാവ് ൨൬ ആണ്ടു വാണതിന്റെ ശെഷം മരിച്ചു ജൊവാൻ എന്ന മകൻ രാജാവാകയും ചെയ്തു — ആയവൻ അഛ്ശനെ പൊലെ പരാക്രമം ഉള്ളവനല്ലായ്കകൊണ്ടു യുദ്ധങ്ങൾ വെണ്ടാ കീൎത്തിമാൎഗ്ഗം തന്നെ നടത്തുവാൻ നൊക്കെണം എന്നും മറ്റും ഉള്ള കല്പനകളെ കൊടുക്കും ശൊഭവെഷം അയച്ചു പൊന്നു — നിക്കൊരതാൻ കാൎയ്യാദികളെ മെനെസസിൽ ഭരമെല്പിച്ചു ൧൫൨൨ ശക്തി കുറഞ്ഞു വെക്കയും ചെയ്തു —

ആ വൎഷങ്ങളിൽ ഉണ്ടായ ഒരു വിശെഷം ഇവിടെ പറയാം അപ്പൊൾ കിഴക്കിന്റെ ദ്വീപുകളിൽ മഗല്യാൻ എന്നൊരുത്തൻ പൊൎത്തുഗാൽ സെവ വിട്ടു സ്പാന്യരാജാവൊടു കപ്പൽ ചൊദിച്ചു വാങ്ങി ൧൫൧൯ ആമതിൽ യുരൊപയിൽനിന്നു പുറപ്പെട്ടു പടിഞ്ഞാറൊട്ടു ശാന്തസമുദ്രത്തൊളം ചെന്നു ഒരു ദ്വീപിൽ ഇറങ്ങി പൊരുതു മരിക്കയും ചെയ്തു — അവന്റെ ശെഷം കപ്പൽക്കാർ പടിഞ്ഞാറൊട്ടു തന്നെ ഓടിക്കൊണ്ടു ൧൫൨൨ ആമതിൽ സ്പാന്യത്തിൽ തന്നെ എത്തുകയും ചെയ്തു — ഇവ്വണ്ണം ഭൂചക്രത്തെ ചുറ്റിപ്പൊകയാൽ ഭൂമിയുടെ രൂപം നാരങ്ങ പൊലെ വട്ടമുള്ളത് എന്ന സംശയം തീരുമാറു സ്പഷ്ടമാകി വന്നു മാനുവെൽ രാജാവിന്റെ കാലത്തിൽ ഇങ്ങിനെ കപ്പലൊട്ടത്തിന്നും കച്ചവടത്തിന്നും വന്ന മാറ്റങ്ങളാലും ഭൂമിശാസ്ത്രം നാനാദെശങ്ങളുടെ പരിചയം മുതലായതിൽ കണ്ട പുത്രമക്കൾ്ക്കും ലൊകൎക്ക് എല്ലാവൎക്കും വളരെ വിസ്മയം ഉണ്ടാകി പൊൎത്തുഗാൽ രാജാക്കന്മാരിൽ വെച്ചു മാനുവെൽ തന്നെ ഭാഗ്യവാൻ എന്നു സമ്മതം ആകയും ചെയ്തു —

ഭൂമിശാസ്ത്രം

൧. പടിഞ്ഞാറെ ആസ്യ

൧. ഇറാൻ

൧. പാൎസ്യരാജ്യം

പാൎസ്സിരാജ്യത്തിലെ പട്ടണവിശെഷങ്ങൾ ഒക്കയും പറവാൻ സമയം പോരാ. മുഖ്യമായവറ്റിന്റെ പെരുകളും നിവാസിസംഖ്യയും എന്തെന്നാൽ — ഇറാക്ക് പ്രവിശ്യത്തിൽ തെഹറാൻ നഗരം ലക്ഷത്തിൽ പരം ൩൦൦൦൦ നിവാസികൾ രാജധാനി ആകുന്നു താനും — ഇസ്പഹാൻ ൨ ലക്ഷം നിവാസികൾ — ഹമദാൻ ൪൦൦൦൦ നിവാസികൾ മസെന്ദ്രാൻ പ്രവിശ്യത്തിൽ അസ്ത്രാബാദ് ൪൦൦൦൦ നിവാസികൾ — ഗീലാനിൽ രെഷ്ട് ൬൦൦൦൦ നിവാസികൾ അസർബൈജാനിൽ തെബ്രീസ് ൨ ലക്ഷം നിവാസികൾ കുൎദ്ദിസ്ഥാനിൽ കെൎമ്മാൻശാഹ് ൪൦൦൦൦ നിവാസികൾ ഖുസിസ്ഥാനിൽ ശുസ്തർ ൨൦൦൦൦ നിവാസികൾ — പാൎസ്സിസ്ഥാനിൽ ശിറാസ് ൩൦൦൦൦ നിവാസികൾ — കെൎമ്മാനിൽ കെൎമ്മാൻ നഗരം തന്നെ — ൩൦൦൦൦ നിവാസികൾ ക്രുദിസ്ഥാനിൽ ശെബിസ്ഥാൻ — ഖുറസാനിൽ മെശെദ് ൩൦൦൦൦ നിവാസികൾ — മെൽപറഞ്ഞ പട്ടണങ്ങൾ അതത് പ്രവിശ്യാവാഴികളുടെ വാസസ്ഥലങ്ങളും ജനപുഷ്ടി ഏറിയ നഗരങ്ങളും ആകുന്നു — പുരാണരാജാക്കന്മാരുടെ ധനപുഷ്ടി മാഹാത്മ്യങ്ങളെ ഉപാൎസ്സിപൊലി — എക്ബതന — നിനിവെ മുതലായ നഗരങ്ങളുടെ അത്ഭുതശെഷിപ്പുകളെ നൊക്കീട്ടറിയാവു —

൩. അൎമ്മിന്യ മലനാട്ടും പ്രാന്തദിക്കുകളുടെ മിട്ടാൽ പ്രദെശവും ചിറാസ്യാൎദ്ധദ്വീപവും —

പടിഞ്ഞാറെ ആസ്യയുടെ അതിർവിവരത്തിൽ മെൽപറഞ്ഞ ൩ ഖണ്ഡങ്ങളുടെ അതിരുകളെയും ആസ്യാഖണ്ഡത്തിന്റെ ആകൃതിവിവരത്തിൽ അവറ്റിലെ പൎവ്വതനദ്യാദിവിശെഷങ്ങളെയും പറഞ്ഞിട്ടുണ്ടല്ലൊ — അൎമ്മിന്യമലപ്രദെശത്തിന്റെ വടക്കിഴക്കെ അംശം ഒഴികെ മെൽപറഞ്ഞ ഖണ്ഡങ്ങൾ മൂന്നും മുസല്മാനരുടെ സ്വാധീനത്തിൽ ഇരിക്ക കൊണ്ടു നിവാസികൾ അക്രമക്കാരായ പാഷാക്കളുടെ ക്രൂരശാസനയെ അനെകം സഹിച്ചു മിക്കവാറും ദരിദ്രന്മാരായും ശുദ്ധനാട്ടുകൾ പലതും വനപ്രദെശങ്ങളായും തീൎന്നിരിക്കുന്നു. രാജ്യത്തിൽ ചിതറി വസിച്ചുവരുന്ന രൊമ- യവന- അൎമ്മിന്യ- ക്രിസ്ത്യാനർ ഇക്കാലവും സത്യവിശ്വാസമില്ലാത്തവരെങ്കിലും വെദം വെർതിരിക്കം പലഹിംസകൾ അനുഭവിക്കെണ്ടിവരുന്നുണ്ടല്ലൊ. അവിടെ ചില

സ്ഥലങ്ങളിൽ സുവിശെഷ വെളിച്ചം ഉദിച്ചു എങ്കിലും ചില ഹൃദയത്തിൽ സത്യവിശ്വാ
സം ജനിച്ചതു കണ്ടു മുസല്മാനർ അവരിലെ പെരുവങ്ങളെ നീക്കി എന്നുമില്ലപ്പാൻ
സംഗതി ഇല്ല - ഇപ്രകാരം ദുഷ്ടന്മാരും പലദിക്കിലും കള്ളനബി സെവിക്കാരുടെ അ
ഭിമതക്കാരായിട്ടും പാർത്തുവരുന്നു - ആ ഖണ്ഡങ്ങളിൽ ഉള്ള അശ്ശൂർ ബാബെൽ മുതലാ
യ സംസ്ഥാനങ്ങളും അനെക ക്രിസ്തുസഭകളും അത്യന്തം വർദ്ധിച്ചു ശൊഭിച്ചുവരുന്ന
ന്മാർ രാജ്യങ്ങളാരും ശ്രെഷ്ഠകളും മഹാഗർവ്വികൾ ആക്കിയൊയതിനാൽ രാജ്യങ്ങ
ളും ക്രിസ്ത്യാനരുടെ അവിശ്വാസം സ്നെഹക്കുറവു ഉദാസീനത ഇത്യാദി അധമ
ഗുണങ്ങളാൽ ക്രിസ്തുസഭകളും അശെഷം നശിച്ചു കാണുകകൊണ്ടു ഉത്തമദെ
ശങ്ങളുടെ ശ്രെഷ്ഠ്യം ഇതുവരെയും ദൈവം തന്നെ നിത്യമായ ന്യായാധിപതി
എന്നു സാക്ഷ്യം പറയുന്നു - കൃഷിവടത്തിന്നും ധനധാന്യാദി വർദ്ധനത്തിന്നും രാജ്യം
ഉചിതമെ എങ്കിലും മുസല്മാനരായ ഉസ്മാനരുടെ കാൽ തട്ടിയാൽ പുല്ലും മുളെക്കയില്ല
പൊൽ എന്നുള്ള വാക്ക് അവിടെ ശരിയായി - പണ്ടുള്ള കൃഷിഭൂമികൾ ഉസ്മാന
ർ രാജ്യവതികളായ സമയം മുതൽ വനങ്ങളായും ഫലവൃക്ഷങ്ങൾ നിറഞ്ഞ
പൂങ്കാവുകൾ കാടായും ... ഏറിയ നഗരങ്ങൾ ഇടിഞ്ഞുവീണ കല്ക്കൂട
ങ്ങളായും കാട്ടുമൃഗങ്ങൾക്കു വാസസ്ഥലങ്ങളായും തീർന്നിരിക്കുന്നു - ഇപ്രകാരം ഒരു കൂട്ടം
ഉല്ലുക്കൾക്ക് സത്യദൈവത്യാഗികളായ ജാതികളിൽ ഘൊരവിധികളെ നടത്തു
വാൻ ദിവ്യ അനുവാദവും അധികാരവും വന്നിരിക്കുന്നു - രാജ്യവ്യവസ്ഥകളെ
നടത്തുന്നവൻ കൊംസ്താന്തിനപുരിയിൽ വസിച്ചുവരുന്ന സുൽത്താൻ തന്നെ - അ
വന്റെ ഇഷ്ടവും കുറാൻ വാക്യങ്ങളും രാജ്യത്തിൽ എങ്ങും പ്രാമാണ്യം എങ്കിലും
അവൻ രാജ്യം പല പ്രവിശ്യകളാക്കി ക്ഷാരരക്ഷകരെ എല്പ്പാൻ പാഷാക്കളുടെ
ശാസനയിൽ എല്പിച്ചതിനാൽ ആ ദുഷ്ടന്മാർ പലപ്പൊഴും സുല്ത്താനെയും കുറാനെ
യും തള്ളി ആത്മാഗ്രഹനിവൃത്തി വന്നാൽ മതി എന്നു വെച്ചു ദ്രവ്യലാഭത്തിന്നായി
പല അന്യായങ്ങളെയും ഹിംസകളെയും കഴിച്ചു കൊണ്ടിരിക്കുന്നു - ഈ വകപാ
ഷാക്കൾ മെൽപറഞ്ഞ രാജ്യത്തിൽ ഏഴു പെർ അതത പ്രവിശ്യകളെ ഭരിച്ചു
കൊണ്ടുവരുന്നു - ചിറിയാസ്യയിൽ ഐസലിൻ - അനതൊലി - അദന - സിവ
സ് - ത്രബിസൊന്ത് - കറമാൻ - മെറാഷ് ഈ ൭ പ്രവിശ്യകളും റൊട്ടൂ - കപ്രാ

൧൭ ദിമിഷ്കുമും അടങ്ങിയിരിക്കുന്നു- അസ്സിറിയനാട്ടിൽ കസ്സു- എസ്സിരുൻ- വാൻ ഈ
൧൮ മൂന്നു പ്രവിശ്യകളെ ഉള്ളൂ- കുൎദിസ്ഥാനിലും ഫ്രാത്തതിഗ്രിക്കുകളുടെ മിട്ടാൽ പ്രദേശത്തി
൧൯ ലും ഉള്ള പ്രവിശ്യകൾ ശഹ്രസൂർ- മസ്സൂൽ- ദിയാൎബെക്കിർ- റക്കാ- ബഗ്ദാദ്- എന്നിവ
തന്നെ- പ്രവിശ്യകളുടെ പേരുകൾ അവറ്റിലെ മുഖ്യനഗരങ്ങളുടെ നാമങ്ങ
ളും ആകുന്നു- കച്ചവടപട്ടണങ്ങളിൽ പ്രധാനമായത് ചിറൈസ്യദേശത്തിന്റെ
പടിഞ്ഞാറെ കടപ്പുറത്തുള്ള സ്മിൎന്ന തന്നെ ഏകലക്ഷത്തിരുപതിനായിരം നി
വാസികൾ—

൫. തെക്കുപടിഞ്ഞാറെ ആസ്യ-

അതിൽ അടങ്ങിയിരിക്കുന്ന ദേശങ്ങൾ- തെക്ക ഹിന്തുസമുദ്രം- വടക്കിഴക്ക- പാൎസ്യ ഉൾകടൽ- തെക്കപടിഞ്ഞാറെ ചെങ്കടൽ- ഈ മൂന്നു അതിരുകളുടെ നടുവിൽ അറബിദേശം ചതുരംഗവ്യൂതമായും ൫൦൦൦൦ ചതുരശ്രയോജനവിസ്താരമായും വടക്കോട്ടു പരന്നു കിടക്കുന്ന അറബി അൎദ്ധദ്വീപും അതിന്റെ വടക്കെ അറ്റത്തുനിന്നു കിഴക്ക ഫ്രാത്തനദിമിട്ടാൽ- പടിഞ്ഞാറു സുവെജ്ജ് വഴി മദ്ധ്യതറന്യാഴി എന്നിവ അതിരുകളായി വടക്കോട്ടു ചിറയാസ്യയിലെ തെക്കു മലപ്രദേശത്തോളം ചെന്നെത്തി കിടക്കുന്ന സുറിയനാട്ടുമത്രെ- സുറിയനാട്ടിന്റെ പടിഞ്ഞാറെ അംശത്തിന്നു കനാൻ എന്നു പേർ- കിഴക്കെ അംശം മുഴുവൻ മരുഭൂമിയാകുന്നു—

F. Muller. Editor.

Archivfilm
vorhanden

4.-

„Indische Zeitung." [illegible]

പശ്ചിമോദയം

നമ്പ്രുകൾ ൧൨ിന്നു		൧ പൈസവില
൧ാം നമ്പ്ര	തലശ്ശേരി	൧൮൪൭. [illegible]

വെളിച്ചം പൂൎവ്വദിക്കിൽനിന്നു മാത്രമല്ല പശ്ചിമത്തിൽനിന്നും വരുന്നത് ഉണ്ടു താ
തന്നെ - ഈ കേരളം ദൈവവശാൽ ഇങ്ക്ലിഷ്കാൎക്ക അധീനമായി വന്നതിനാലൊ,
നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽനിന്നു ഇങ്ങോട്ടു ക
വരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു - ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും
കെ വിലാത്തിയിൽ നടക്കുന്നവ പലതും ഉണ്ടു - രണ്ടുവകെക്കും തമ്മിൽ വളരെ ഭേദം ഉ
താനും - പരമാത്മാ ജീവാത്മാക്കൾ തുടങ്ങിയുള്ള മതമൎമ്മോപദേശങ്ങളെ ധ്യാനിച്ചു ഒരൊന്നു
റവുണ്ടാക്കി പ്രത്യുത്തര ശ്ലോകങ്ങളെ ഉച്ചരിച്ചു വിദ്വാന്മാരെ അനുസരിപ്പിക്കുന്നത് ഹിന്തു ജ്ഞാ
ത്തിൽ മൎയ്യാദ തന്നെ - കാലദേശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു യുക്തികളു
ഉപകാരത്തിന്നായി ഗദ്യമായി പറയുന്നതു വിലാത്തി ജ്ഞാനത്തിന്റെ ലക്ഷണം മ
ഈ വക കാൎയ്യം അറിവാൻ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തോറും വിലാത്
ശാസ്ത്രങ്ങളിൽനിന്നു പറുന്നത് ഒരൊന്നു എടുത്തു ഇങ്ക്ലിഷിൽ കാണിച്ചമാതിരിയെ
മലയാളികൾക്ക തോന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ള
ൎക്കു അയക്കുകയും ചെയ്യും - വില ഒരു വൎഷത്തിന്നു അരരൂപ്പിക -

ജ്യോതിഷവിദ്യ

ന ശാസ്ത്രങ്ങളിലും സകല ജ്ഞാനങ്ങളിലും പ്രധാനമാകുന്നത് എന്നു ഈ രാജ്യക്കാര
പലരും പറയുന്നു - ജ്യോതിഷം എന്നതു വെളിച്ചം തന്നെ - ജ്യോതിഷമൊ കണ്ണാലെ കാണ
ന്ന ഗ്രഹങ്ങൾ മുതലായ വാനമീനുകളുടെ അറിവാകുന്നു - അതല്ലാതെ

സൎവ്വലാവണ്യം നല്കും താരകാധിപൻ നൂനം
സൎവ്വ ശോകങ്ങളെയും കളയും ദിനാധിപൻ

എന്നൊരു പാട്ടിൽ കേൾക്കുന്നതു പോലെ പണ്ടു പലരാജ്യക്കാരും ഒരൊരൊ ഗുണദോഷ
ങ്ങൾ മനുഷ്യൎക്കു വരുന്നത് നക്ഷത്രങ്ങളുടെ കടാക്ഷബലത്താൽ തന്നെ എന്നു നിശ്ചയി